VOL NO: 10 I ISSUE 03

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 JANUARY 17 I ₹10



പ്രമാണങ്ങളുടെ വെളിച്ചത്തിലുള്ള വൈജ്ഞാനിക സംവാദങ്ങൾക്ക് പ്രവാചകാനുചരൻമാരുടെ കാലത്തോളം പഴക്കമുണ്ട്. കേരളത്തിലെ സമസ്തക്കാർ നടത്തി വരുന്ന നബിദിനാഘോഷ അവകാശവാദങ്ങളിലെ സത്യവും അസത്യവും വ്യവച്ഛേദിച്ച് മനസ്സിലാക്കാനുള്ള ഉപാധിയായിട്ടാണ് ചെറുവാടിയിൽ വച്ച് സംവാദം നടത്തിയത്. നിഷ്പക്ഷമതികളുടെ വിശകലനങ്ങളിൽ നിന്ന് മനസ്സിലാക്കാം സംവാദത്തിന്റെ പരിണാമഗുപ്തി എന്താണെന്ന്.

## നബിദിനാഘോഷക്കാരുടെ ‘തെളിവുകൾ’ പാഴായ ചെറുവാടി സംവാദം!

മനുഷ്യൻ എന്ന സാമൂഹ്യജീവി

മതനിഷേധം കടന്നുവരുന്ന വഴികൾ

മനുഷ്യന്റെ അഹന്തയെ തകർക്കുന്ന വചനം

സ്വഫ്‌വാൻ ബറാമി അൽഹികമി ● മൂസ സ്വലാഹി കാര ● ശമീർ മദീനി


دار الحكمة
WISDOM
HOUSE
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

469

നേർപഥം വാരിക

2026 ജനുവരി 17
1447 റജബ് 28
പുസ്തകം 10 / ലക്കം 03






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി





10
നബിദിനാഘോഷക്കാരുടെ 'തെളിവുകൾ' പാഴായ ചെറുവാടി സംവാദം!
മൂസ സ്വലാഹി കാര


പ്രമാണങ്ങളുടെ വെളിച്ചത്തിലുള്ള വൈജ്ഞാനിക സംവാദങ്ങൾക്ക് പ്രവാചകാനുചരൻമാരുടെ കാലത്തോളം പഴക്കമുണ്ട്. കേരളത്തിലെ സമസ്തക്കാർ നടത്തി വരുന്ന നബിദിനാഘോഷ അവകാശവാദങ്ങളിലെ സത്യവും അസത്യവും വ്യവച്ഛേദിച്ച് മനസ്സിലാക്കാനുള്ള ഉപാധിയായിട്ടാണ് ചെറുവാടിയിൽ വച്ച് സംവാദം നടത്തിയത്. നിഷ്പക്ഷമതികളുടെ വിശകലനങ്ങളിൽ നിന്ന് മനസ്സിലാക്കാം സംവാദത്തിന്റെ പരിണാമഗുപ്തി എന്താണെന്ന്.


**05** മുഖമൊഴി
മതനിഷേധം കടന്നുവരുന്ന വഴികൾ

**06** ലേഖനം
മനുഷ്യന്റെ അഹന്തയെ തകർക്കുന്ന വചനം
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**08** കവിത
ലിബറൽ നാട്യക്കാരിയോട്
നസീമ വാടാനപ്പള്ളി

**18** ലേഖനം
തട്ടിപ്പുകളുടെ കൂട്ടുകെട്ട്
മുഹമ്മദ് അമീൻ

**22** ലേഖനം
മനുഷ്യൻ എന്ന സാമൂഹ്യജീവി
സ്വഫ്‌വാൻ ബറാമി അൽഹികമി

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
പ്രവാചകത്വ നിഷേധികളുടെ 'വസ്‌വാസു'കൾ
ശമീർ മദീനി

**30** കാഴ്ച
റോട്ടിൽ പൊലിയുന്ന ജീവനുകൾ
നബീൽ പയ്യോളി

**32** അനുഭവം
വിധി
ഹനീഫ് ആറാംമൈൽ

**34** എഫ്. ബി. വൈറൽ
പന്നിയിറച്ചി അശുദ്ധമോ?



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

# നേരിന്റെ വഴിയിൽ മുന്നോട്ട്

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

'ദഅ്‌വത്തിനുവേണ്ടിയുള്ള സംഘടന ബിദ്അത്തായ സംഗതിയാണോ' എന്ന ചോദ്യത്തിന് ശൈഖ് ഇബ്‌നുബാസ്(റഹി) മറുപടി നൽകിയത് ഇപ്രകാരമാണ്:

"സംഘടന ബിദ്അത്തല്ല. ബാധ്യതാ നിർവഹണത്തിന് ഏറെ സഹായകമാണ് സംഘടന. പരസ്പരം കൂടിയാലോചിക്കുന്ന ഒരു ആലോചനാസമിതിയും അവർക്ക് അവലംബിക്കാവുന്ന ഒരു നേതൃത്വവും ഉണ്ടാകണം. ഇത് അതിമഹത്തരവും വിജയകാരണങ്ങളിൽ പെട്ടതുമാണ്. വ്യവസ്ഥാപിതമല്ലാത്ത പ്രവർത്തനങ്ങളെക്കാൾ വിജയസാധ്യത വ്യവസ്ഥാപിത പ്രവർത്തനങ്ങൾക്കാണുള്ളത്. അല്ലാഹുവിലേക്ക് ദഅ്‌വത്തിനായുള്ള സംഘടന ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നതിനും പള്ളിപരിപാലനങ്ങൾക്കും മറ്റും വ്യവസ്ഥാപിതമായി പ്രവർത്തിക്കുകയാണ് വേണ്ടത്. അതിൽ ധാരാളം നന്മയുണ്ട്. അത് ബിദ്അത്തല്ല. മറിച്ച് ശറഇൽപെട്ടതു തന്നെയാണ്" (ശൈഖ് ഫൗസാന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട 'ഹുക്മു അമലിൽ ജമാഈ ഫിൽ ഇസ്‌ലാം' (സംഘടിത പ്രവർത്തനത്തിന്റെ മതവിധി) എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 43).

ദഅ്‌വത്ത് ആസൂത്രിതവും കാര്യക്ഷമവുമായി നടത്താനാണ് സംഘടനയുണ്ടാക്കുന്നത്. എന്നാൽ സംഘടന എന്നത് ബിദ്അത്താണെന്ന് പ്രചരിപ്പിച്ച് ദഅ്‌വത്തിന് മാർഗതടസ്സമുണ്ടാക്കുന്ന ഒരു ന്യൂനാൽ ന്യൂനപക്ഷം നമ്മുടെ നാട്ടിലുണ്ട്. അവരെക്കൊണ്ട് സമുദായത്തിന് യാതൊരു ഗുണവുമില്ല എന്നു മാത്രമല്ല മറ്റുള്ളവർ ചെയ്യുന്ന നന്മകൾക്ക് വിഘാതമാകാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു എന്നത് ഖേദകരമായ വസ്തുതയാണ്.

സംഘടനയുടെ ഗുണഫലങ്ങൾ എത്രമാത്രം വലുതും വ്യാപകവുമാണെന്ന് മനസ്സിലാക്കാൻ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും ചുരുങ്ങിയ കാലത്തെ പ്രവർത്തന ചരിത്രത്തിലേക്കൊന്ന് കണ്ണോടിച്ചാൽ മതി. ഈ കൂട്ടായ്മ അതിന്റെ പ്രവർത്തനങ്ങൾ നിരന്തരം നടത്തിക്കൊണ്ടേയിരിക്കുന്നു; മുളയിലേ വാടിപ്പോകുമെന്ന് പ്രവചിച്ചവർക്ക് നിരാശ സമ്മാനിച്ചുകൊണ്ട്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ കീഴിലുള്ള മുക്കം ഗ്രീൻവാലി ക്യാമ്പസിൽ 2026 ജനുവരി 11 ഞായറാഴ്ച നടന്ന 'വിസ്ഡം ഹൊറൈസൺ ഫ്യൂച്ചർ സമ്മിറ്റ്' അറിവിന്റെയും ആസൂത്രണത്തിന്റെയും വേറിട്ട അനുഭവമായി മാറി. 2026-29 പ്രവർത്തന കാലയളവിലേക്ക് ചുമതലയേറ്റ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക സംഘടനകളുടെയും സംസ്ഥാന ഭാരവാഹികൾക്കായി സംഘടിപ്പിക്കപ്പെട്ട ഈ സമ്മിറ്റ്, വരാനിരിക്കുന്ന മൂന്ന് വർഷത്തെ കർമപഥങ്ങളിലേക്ക് വെളിച്ചം വീശുന്ന സുപ്രധാന വൈജ്ഞാനിക ചുവടുവയ്പായിരുന്നു.

സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി, പണ്ഡിതസഭ ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ എന്നിവരടക്കമുള്ള മുതിർന്ന പണ്ഡിതന്മാരുടെ നേതൃത്വം സമ്മിറ്റിനെ ധന്യമാക്കി. മുജാഹിദ് പ്രസ്ഥാനത്തിന്റെ നേതൃതലത്തിൽ ദീർഘകാലം നിലകൊണ്ട ഇവരുടെ അനുഭവസമ്പത്തും വർത്തമാനകാലത്തിന്റെ നവീന സാധ്യതകളെ തിരിച്ചറിഞ്ഞ പുതുതലമുറയും ഒത്തുചേർന്നപ്പോൾ അതൊരു വലിയ ആശയപ്രപഞ്ചമായി മാറി.

വിവിധ സെഷനുകളിൽ സമകാലിക പ്രാധാന്യമുള്ള ഒട്ടനവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ആദർശവും സംഘാടനവും: ലക്ഷ്യം, മാർഗം; സംഘാടകന്റെ വ്യക്തിത്വം, ഫ്യൂച്ചർ പ്ലാനിങ്, സാങ്കേതികവിദ്യ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: സാധ്യതകളും വെല്ലുവിളികളും, സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾ, കുടുംബം, മാനവ വിഭവശേഷി... തുടങ്ങിയ വിഷയങ്ങളിലൂടെയാണ് ക്യാമ്പ് കടന്നുപോയത്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ ആദർശ കരുത്തോടെ നേരിടാൻ പ്രാപ്തിയുള്ള ഒരു തലമുറയെ വാർത്തെടുക്കാനുള്ള ഈ പ്രയാണത്തെ അല്ലാഹു വിജയിപ്പിക്കട്ടെ.

മുഖമൊഴി

# മതനിഷേധം കടന്നുവരുന്ന വഴികൾ

മതനിഷേധവും നിരീശ്വര വാദവുമൊക്കെ പലർക്കുമിന്ന് ഒരു ഫാഷനാണ്. പുരോഗമന വാദികളും ശ്രദ്ധിക്കപ്പെടുന്നവരുമാകണമെങ്കിൽ മതത്തെയും ദൈവത്തെയും നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്താൽ മതി എന്നാണ് അവരുടെ ചിന്താഗതി! വിശിഷ്യാ ഇസ്‌ലാമിനെയും പ്രവാചകനെയും വിമർശിക്കുന്നതും അപഹസിക്കുന്നതും പൊതുജന സ്വീകാര്യത ലഭിക്കുന്ന കാര്യമാണെന്ന് പലരും ധരിക്കുന്നു. നേരം വെളുത്താൽ സാമൂഹ്യ മാധ്യമങ്ങളിൽ അത്തരത്തിലുള്ള വല്ലതും പോസ്റ്റ് ചെയ്താലേ അവർക്ക് സമാധാനം ലഭിക്കൂ!

മതനിഷേധ ചിന്ത വ്യക്തികളിലേക്ക് കടന്നുവരുന്നത് പല മാർഗങ്ങളിലൂടെയാണ്. മുസ്‌ലിംകളായി ജീവിക്കുന്നവരിലേക്ക് മതത്തോട് വെറുപ്പും അകൽച്ചയും കടന്നുവരാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം, ആദർശ ജീവിത മാതൃകയാകേണ്ട ചില പണ്ഡിതന്മാരുടെ ഇസ്‌ലാമിക വിരുദ്ധമായ പ്രസ്താവനകളും ആഹ്വാനങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നട്ടുവളർത്താനുള്ള ശ്രമങ്ങളുമാണ്. ലോകം നിയന്ത്രിക്കുന്നത് സിഎം മടവൂരാണ് എന്നു പ്രചരിപ്പിക്കുന്ന, മായാവിക്കഥകളെ പോലും തോൽപിക്കുന്ന വിധത്തിലുള്ള കറാമത്തിന്റെ കള്ളക്കഥകൾ പറഞ്ഞു നടക്കുന്ന പണ്ഡിതന്മാർ ചിന്താശേഷിയുള്ള മുസ്‌ലിം യുവതയെ മതത്തിൽനിന്നും അകറ്റുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്.

ആകാശഭൂമികളെ നിയന്ത്രിക്കുന്നതും മഴവർഷിപ്പിക്കുന്നതും അരുവികളൊഴുക്കുന്നതുമെല്ലാം ഹിജ്‌റ അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച്, രോഗംബാധിച്ച് മരണമടഞ്ഞ സൃഷ്ടിയായ മുഹ്‌യിദ്ദീൻ ശൈഖ്(റഹി) ആണെന്നാണ് സമസ്തക്കാർ ജനങ്ങളെ പഠിപ്പിക്കുന്നത്. തങ്ങൾ വിളിച്ചുതേടുന്ന മഹാത്മാക്കൾക്ക് കാണാനും കേൾക്കാനും സഹായിക്കാനും സാധിക്കും. അത് എത്ര വിദൂരത്തുനിന്നാണെങ്കിലും ശരി. എത്രപേർ ഏത് ഭാഷയിൽ ഒരേ സമയത്ത് വിളിച്ചാലും അതെല്ലാം ഒരേസമയം കേൾക്കാനും കാണാനും അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾ ഒരേസമയം നിർവഹിച്ചുകൊടുക്കാനും അവർക്ക് സാധിക്കും. ഇക്കാര്യങ്ങളിലൊന്നും അവരുടെ കഴിവുകൾക്ക് യാതൊരു പരിമിതിയോ മറയോ ഇല്ല എന്നും അവർ പ്രചരിപ്പിക്കുന്നു. ഇതൊക്കെ കേൾക്കുകയും വായിക്കുകയും ചെയ്യുന്ന ചിന്തിക്കുന്ന പുതുതലമുറ മതനിഷേധത്തിലേക്ക് പോയില്ലെങ്കിലേ അത്ഭുതമുള്ളൂ.

പലരിലേക്കും മതനിഷേധം കടന്നുവരുന്നത് താന്തോന്നികളായി ജീവിക്കാനുള്ള ആഗ്രഹത്തിൽ നിന്നാണ്. ലഹരിയുപയോഗം, വിവാഹബാഹ്യ ലൈംഗികബന്ധം, സ്വവർഗരതി...തുടങ്ങി എന്തിനുമേതിനും സ്വാതന്ത്ര്യം വേണം എന്നാണ് ലിബറലിസ്റ്റുകളുടെ വാദം. അതിനൊക്കെ തടസ്സം നിൽക്കുന്നത് മതമാണ്; വിശിഷ്യാ ഇസ്‌ലാമാണ്. അതിനാൽ അവർ ഇസ്‌ലാമിനെ കടന്നാക്രമിക്കുന്നു.

മതത്തിന്റെ നന്മകളെ പാടെ നിഷേധിക്കുകയും മനുഷ്യന്റെ സംസ്‌കാരവും മൂല്യബോധവും നിർണയിക്കുന്നതിൽ മതങ്ങൾക്കുള്ള പങ്കിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന യുക്തിവാദികൾ മുസ്‌ലിം യുവതയെ മതനിഷേധികളാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്ന കാലമാണിത്.

മനുഷ്യർ ഒന്നാകാനും നന്നാകാനും മതങ്ങൾ നശിക്കേണ്ടതുണ്ട് എന്ന സന്ദേശമാണ് അവർ പ്രചരിപ്പിക്കുന്നത്. മതത്തിന്റെ നാശം മാനവികതയുടെ ഒരാവശ്യമായി ഉയർത്തിക്കാണിക്കുന്നത് വാസ്തവത്തിൽ യുക്തിഹീനമായ നിലപാടാണ്. മതത്തെ പ്രമാണങ്ങളിലൂടെ മനസ്സിലാക്കാൻ ശ്രമിച്ചാലേ മതത്തിന്റെ മേന്മയും മതനിരാസത്തിലെ അർഥശൂന്യതയും ബോധ്യപ്പെടുകയുള്ളൂ.




# മനുഷ്യന്റെ അഹന്തയെ തകർക്കുന്ന വചനം

ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്
: 00968-98242217

يَـٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ

മനുഷ്യന്റെ അഹന്തയെ പൂർണമായും തകർത്തെറിയുകയും സ്രഷ്ടാവിന്റെ മഹനീയതയെ വാനോളം ഉയർത്തുകയും ചെയ്യുന്ന വളരെ ശക്തമായ വചനമാണിത്. അൽപം പണമോ അധികാരമോ ലഭിക്കുമ്പോൾ 'ഞാൻ ആരുടെയും ആശ്രയം വേണ്ടാത്തവനാണ്' എന്ന് ചിന്തിക്കുന്ന ചിലരുണ്ട്. എന്നാൽ ആ ചിന്ത എത്രമാത്രം അർഥശൂന്യമാണെന്ന് ഈ വചനം നമ്മെ ബോധ്യപ്പെടുത്തുന്നു.

ലോകത്ത് മനുഷ്യൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന കാര്യങ്ങളിൽ ഒന്ന് 'സ്വാതന്ത്ര്യ'മാണ്. ശരിക്കും മനുഷ്യന് 'സ്വതന്ത്രൻ' ആകാൻ കഴിയുമോ? ഒരു നിമിഷം ശ്വാസം കിട്ടിയില്ലെങ്കിൽ, ഒരു തുള്ളി വെള്ളം കിട്ടിയില്ലെങ്കിൽ, ഹൃദയമൊന്ന് പണിമുടക്കിയാൽ അവസാനിക്കുന്നതല്ലേ മനുഷ്യന്റെ ഈ ഗർവ്?

ഈ യാഥാർഥ്യത്തെ ഓർമിപ്പിച്ചുകൊണ്ട്, പ്രപഞ്ചനാഥൻ മനുഷ്യകുല

ത്തോട് അവരുടെ യഥാർഥ അവസ്ഥ വിളിച്ചു പറയുന്ന വചനമാണ് താഴെ കോടുക്കുന്നത്:

يَـٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ

“മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു” (ഫാത്വിർ:15).

ഈ വചനം നൽകുന്ന തിരിച്ചറിവുകൾ വളരെ വലുതാണ്. നാമെല്ലാം ‘ദരിദ്രർ’ (ഫുഖറാഅ്) ആണ്. സാധാരണ ഗതിയിൽ പണമില്ലാത്തവനെയാണ് നാം ദരിദ്രൻ എന്ന് വിളിക്കാറുള്ളത്. എന്നാൽ ഈ വചനത്തിൽ ‘ഫുഖറാഅ്’ (ദരിദ്രർ/ആശ്രിതർ) എന്ന് വിളിച്ചത് പാവപ്പെട്ടവനെ മാത്രമല്ല; കോടിപതികളും ഭരണാധികാരികളും അടക്കം എല്ലാവരും അതിൽ പെടും. കാരണം, ഇത് സാമ്പത്തികമായ ദാരിദ്ര്യമല്ല, മറിച്ച് ‘അസ്തിത്വപരമായ ദാരിദ്ര്യ’മാണ്.

നമ്മുടെ ജീവൻ, ആരോഗ്യം, ബുദ്ധി, നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം എന്നിവയൊന്നും നാം ഉണ്ടാക്കിയതല്ല. അവയ്ക്കുവേണ്ടി ഓരോ നിമിഷവും നാം അല്ലാഹുവിന്റെ കാരുണ്യത്തിന് മുന്നിൽ കൈനീട്ടി നിൽക്കുന്ന യാചകരാണ്. ആ തിരിച്ചറിവുണ്ടായാൽ പിന്നെ മനുഷ്യന് അഹങ്കരിക്കാൻ കഴിയില്ല.

അല്ലാഹു ‘ഗനിയ്യ്’ (സ്വയംപര്യാപ്തൻ) ആണ്. മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കുന്നതുകൊണ്ട് അല്ലാഹുവിന് എന്തെങ്കിലും ഗുണമുണ്ടോ? ഇല്ല എന്ന് ഈ വചനം തീർത്തു പറയുന്നു.

ലോകത്തുള്ള മുഴുവൻ മനുഷ്യരും സജ്ജനങ്ങളായാലും അവന്റെ അധികാരത്തിൽ ഒരണുവളവ് കൂടില്ല. ഇനി എല്ലാവരും നിഷേധികളായാലും അവന്റെ പ്രതാപത്തിൽ ഒരണുവളവ് കുറയുകയുമില്ല. നമ്മുടെ ആരാധനകൾ, പ്രാർഥനകൾ, ദാനധർമങ്ങൾ എന്നിവയെല്ലാം അവശ്യമായിട്ടുള്ളത് അവനല്ല, നമുക്ക് തന്നെയാണ്. അവനിലേക്ക് അടുക്കാനുള്ള മാർഗം മാത്രമാണത്.

ആരും സ്തുതിച്ചില്ലെങ്കിലും സ്വതവേ സ്തുത്യർഹനാണവൻ. സ്തുതിക്കപ്പെടേണ്ടവൻ (അൽഹമീദ്). സൂര്യനെ ആരും നോക്കുന്നില്ല എന്നത് സൂര്യന്റെ പ്രകാശത്തിന് ഒരു കുറവും വരുത്തുന്നില്ല. അതുപോലെ, മനുഷ്യൻ നന്ദികേട് കാണിച്ചാലും അല്ലാഹുവിന്റെ മഹത്ത്വത്തിന് മങ്ങലേൽക്കില്ല. അവൻ നൽകിയ അനുഗ്രഹങ്ങൾക്കുള്ള നന്ദി പ്രകാശിപ്പിക്കുക എന്നത് മനുഷ്യന്റെ സാമാന്യമര്യാദ മാത്രമാണ്.

ഞാൻ, എന്റേത്, എന്റെ കഴിവ്... എന്നീ ചിന്തകളാണ് മനുഷ്യനെ വഴിതെറ്റിക്കുന്നത്. എന്നാൽ ‘നീ വെറും പൂജ്യമാണ്, നിന്നെ പൂർണനാക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്’ എന്ന സത്യം ഈ വചനം ഓർമിപ്പിക്കുന്നു.

ഈ ആയത്ത് മനുഷ്യന്റെ അഹങ്കാരത്തിന്റെ വേരുതന്നെ പിഴുതുമാറ്റുന്നു. നാം അല്ലാഹുവിനോട് പൂർണ ആശ്രിതരാണ് എന്ന ബോധം വന്നാൽ അഹങ്കാരം ഇല്ലാതാകും, നന്ദികേട് ഇല്ലാതാകും, പിശാചിന്റെ വഞ്ചനയിൽ വീഴില്ല, ഭക്തിയും വിനയവും സ്വാഭാവികമാകും.

സ്വന്തം ശരീരത്തിലെ ഒരവയവം പോലും സ്വന്തമായി നിയന്ത്രിക്കാൻ കഴിയാത്ത മനുഷ്യൻ, പ്രപഞ്ചം സൃഷ്ടിച്ചവനോട് ധിക്കാരം കാണിച്ചു നിൽക്കുന്നത് വലിയ അവിവേകം തന്നെയാണ്!

യഥാർഥത്തിൽ സമ്പന്നൻ ആര് എന്ന ചോദ്യത്തിന് ഈ വചനം ഉത്തരം നൽകുന്നു. എല്ലാ ആവശ്യങ്ങൾക്കും അല്ലാഹുവിനെ മാത്രം ആശ്രയിക്കുകയും സൃഷ്ടികളെ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്നവനാണ് യഥാർഥ സമ്പന്നൻ. നമ്മുടെ നിസ്സഹായത സ്രഷ്ടാവിന് മുന്നിൽ സമ്മതിച്ചു കൊടുക്കുന്നതിലാണ് മനുഷ്യന്റെ വിജയം കുടികൊള്ളുന്നത്.

ഓരോ ശ്വാസവും ഓരോ നിമിഷവും അല്ലാഹുവിന്റെ ഔദാര്യമാണെന്ന് സ്വയം ബോധ്യപ്പെട്ടു കൊണ്ടും ഐഹിക സുഖങ്ങൾ താത്ക്കാലികമാണെന്നും യഥാർഥ ധന്യത അല്ലാഹുവിന്റെ അടുക്കലാണെന്നും മനസ്സിലാക്കി ഭക്തിയും വിനയവും അധികരിപ്പിച്ച് അവനോട് നന്ദിയുള്ളവരാകുക.

*(തുടരും)*

# ലിബറൽ നാട്യക്കാരിയോട്

നസീമ വാടാനപ്പള്ളി



സഹോദരി,
നീയായിരുന്നെന്റെ ചിന്തകളെ
കനലാക്കിയിരുന്നത്.
നീയൊരു പാവമായിരുന്നല്ലോ!
പിന്നെ എങ്ങനെയാണ്
നിന്റെ വാക്കിലും നോക്കിലും
രൗദ്രത പടർന്നത്?
എത്ര പെട്ടെന്നാണ്
നീ നീയല്ലാതായി മാറിയത്!
ഹേതുവെന്തെന്നറിയിക്കാതെ
വാതിലുകളോരോന്നും
എനിക്കു മുമ്പിൽ
നീ കൊട്ടിയടച്ചപ്പോൾ
എന്നിലെ ആത്മാഭിമാനത്തെയാണ്
നീ കുത്തി നോവിച്ചത്.
നിന്റെ മനസ്സിൽ ലിബറലിസം



O Prophet, enjoin your wives and your daughters and the believing women, to draw a part of their outer coverings around them. It is likelier that they will be recognised and not molested. Allah is Most Forgiving, Most Merciful. (33:59)

കടന്നുവരുമെന്നത് ഞാൻ
പ്രതീക്ഷിച്ചതേയില്ല.
എന്റെ വേഷവിധാനത്തെയും
എന്റെ മതബോധത്തെയും
പഴഞ്ചനെന്നു മുദ്രകുത്തി
നീ സംസാരിച്ചപ്പോഴും
ഞാൻ ഇത്രയൊന്നും പ്രതീക്ഷിച്ചില്ല.
ഇന്നലെ കേട്ട നിന്റെ സ്വരം
നിലപാടുള്ളവളുടെതായിരുന്നില്ല.
നിന്റെ തീക്ഷ്ണമായ വാക്കുകളിൽ
പറയാതെ പറഞ്ഞ ചില പാഠങ്ങളുണ്ട്.
ഒന്നാം പാഠം;
സ്വാർഥത മനുഷ്യനെ
അന്ധനാക്കുന്നുവെന്നത്.
അതിരുകളെയും അരുതായ്മകളെയും
അവഗണിക്കുന്ന പെണ്ണ്
സ്വയം നിന്ദ്യയാകുമെന്നത് രണ്ടാം പാഠം.
മൂല്യങ്ങൾക്ക് വിലകൽപിക്കാത്തവൾ
ബന്ധങ്ങളെ ബന്ധനങ്ങളായി
കാണുമെന്നത് മൂന്നാം പാഠം.
നീയൊന്നറിയണം;
യുക്തിവാദത്തിന്റെ പഴകിപ്പുളിച്ച
യുക്തിയില്ലാത്ത വാദങ്ങളിൽ
വീണുപോകുന്ന ദുർബലയല്ല ഞാൻ!
ഞാൻ വിശ്വാസത്തിന്റെ കരുത്തുള്ളവളാണ്.
എന്റെ കടിഞ്ഞാൺ പടപ്പുകളിലല്ല;
പടച്ചവനിലാണ്.
അവൻ സർവശക്തൻ
ഏറെ പൊറുക്കുന്നവൻ
നീതിമാൻ, അതുല്യൻ
ഹൃദയരഹസ്യമറിയുന്നവൻ.
നീ മിനുക്കി നടക്കുന്ന,
പ്രകടനവസ്തുവാക്കുന്ന നിന്റെ മേനി
ചുക്കിച്ചുളിയുന്ന നാൾ വന്നെത്തുന്നത്
തടയാൻ നിനക്കാകുമോ?
നീ കൊതിക്കുന്ന അതിരില്ലാത്ത സ്വാതന്ത്ര്യം
വിനാശത്തിന്റെ പടുകുഴിയിലേക്ക്
നിന്നെ തള്ളിയിടുന്ന നാൾ വരുമ്പോൾ
നിന്റെ തെറ്റു നീ തിരിച്ചറിയും.
പക്ഷേ, അന്നു നിനക്ക്
തിരിച്ചു നടക്കാൻ കഴിയണമെന്നില്ല.
നിന്റെ പരിഹാസത്തിൽ
പതറിപ്പോകുന്നവളല്ല ഞാൻ.
വീഴ്ചകളെ അംഗീകരിക്കാനും
തിരുത്താനും മടിയില്ലാത്തവൾ.
നീയെത്ര കളിയാക്കിയാലും
എന്നിലെ ആദർശം മരിക്കില്ല.
വിശ്വാസത്തിന്റെ കരുത്തിൽ
ക്ഷമയാകുന്ന തോണിയിലേറി
മുന്നോട്ടു പോകുന്ന എന്നെ
എന്റെ രക്ഷിതാവ് കൈവെടിയില്ല
എന്ന പ്രതീക്ഷ എന്നിലെപ്പോഴുമുണ്ട്.

**പ്രമാണങ്ങളുടെ വെളിച്ചത്തിലുള്ള വൈജ്ഞാനിക സംവാദങ്ങൾക്ക് പ്രവാചകാനുചരൻമാരുടെ കാലത്തോളം പഴക്കമുണ്ട്. കേരളത്തിലെ സമസ്ത ക്കാർ നടത്തി വരുന്ന നബിദിനാഘോഷ അവകാശവാദങ്ങളിലെ സത്യവും അസത്യവും വ്യവച്ഛേദിച്ച് മനസ്സിലാക്കാനുള്ള ഉപാധിയായിട്ടാണ് ചെറുവാടിയിൽ വച്ച് സംവാദം നടത്തിയത്. നിഷ്പക്ഷമതികളുടെ വിശകലനങ്ങളിൽ നിന്ന് മനസ്സിലാക്കാം സംവാദത്തിന്റെ പരിണാമഗുപ്തി എന്താണെന്ന്.**



# നബിദിനാഘോഷക്കാരുടെ 'തെളിവുകൾ' പാഴായ ചെറുവാടി സംവാദം!

മൂസ സ്വലാഹി കാര
: 97473 45768

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശം പ്രമാണങ്ങളുടെ വെളിച്ചത്തിൽ മാറ്റുരക്കുന്നതിന് വേണ്ടിയുള്ള വൈജ്ഞാനിക സംവാദങ്ങൾ സ്വഹാബത്തിന്റെ കാലം മുതൽക്കേ നടന്നുവന്നിട്ടുള്ളതാണ്. ആദ്യത്തെ വ്യതിയാന കക്ഷിയായ ഖവാരിജുകളിൽനിന്ന് ആറായിരത്തോളമാളുകളോട് ഇബ്നു അബ്ബാസ്(റ) സംവദിക്കുകയും രണ്ടായിരത്തോളം പേർ ആ പിഴവിൽനിന്ന് തൗബ ചെയ്ത് മടങ്ങുകയുമുണ്ടായി. അലി(റ)വും ജാബിർ(റ)വും ഖവാരിജുകളുമായി സംസാരിച്ചതും പലരും മാറി വന്നതുമായ സംഭവങ്ങൾ ചരിത്രത്തിൽ കാണാം. ഇമാം അബൂ ഹനീഫ(റഹി) മതനിഷേധികളോടും ഇമാംശാഫിഈ (റഹി) ശിയാക്കളോടും ഇമാം അഹ്മദ് ബിൻ ഹമ്പൽ(റഹി) മുഅ്തസിലികളോടും നടത്തിയ സംവാദങ്ങളും ചരിത്രപ്രസിദ്ധമാണ്.

കേരളീയ മുസ്‌ലിം സമൂഹത്തിന്റെ വിശ്വാസം പല ശിഥില ശക്തികളുടെയും പിടിയിലമർന്ന് വികലമായപ്പോൾ ശരിയായ വഴി അവർക്ക് കാണിച്ച് കൊടുക്കു

ന്നതിൽ വ്യത്യസ്ത വിഷയങ്ങളിലുണ്ടായ സംവാദങ്ങളും ചർച്ചകളും വലിയ സംഭാവനകളർപ്പിച്ചിട്ടുണ്ട്. മുജാഹിദ് പ്രസ്ഥാനത്തിന്റെ വളർച്ചക്കും മുന്നേറ്റത്തിനും കാരണമായ ഒട്ടേറെ സംവാദങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്.

ഏറ്റവും ഒടുവിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിനടുത്ത് ചെറുവാടിയിൽ (2026 ജനുവരി 3, ശനിയാഴ്ച) ഒരു വൈജ്ഞാനിക സംവാദത്തിന് വേദിയൊരുങ്ങി. റബീഉൽ അവ്വൽ മാസം സമസ്ത മുസ്‌ലിയാക്കന്മാർ ആചരിച്ച് വരാറുള്ള നബിദിനാഘോഷം ദുരാചാരമാണെന്ന് പ്രാമാണികമായി തെളിയിച്ചതും ആഘോഷക്കാരുടെ അടുക്കലുള്ള തെളിവുകൾ അടിവേരില്ലാത്തതാണെന്നു തുറന്ന് കാണിച്ചതുമായ ഈ സംവാദം സത്യാന്വേഷികൾക്ക് വെളിച്ചം നൽകുന്നൊരു വൈജ്ഞാനിക വിളക്കായി ജ്വലിച്ച് നിൽക്കുമെന്നതിൽ സംശയമില്ല.

### സംവാദത്തിലേക്ക് നയിക്കപ്പെട്ട സാഹചര്യം

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കൊടിയത്തൂർ മണ്ഡലം കമ്മിറ്റി ചെറുവാടിയിൽ ‘നബിദിനാഘോഷം പ്രമാണങ്ങളിൽ’ എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 15 വെള്ളിയാഴ്ച പഠനാർഹമായൊരു മുഖാമുഖം നടത്തി. പ്രാദേശികമായി പലർക്കും നിലപാടിൽ ഇളക്കം വരാൻ മുഖാമുഖം നിമിത്തമായതിനാൽ സമസ്ത ഇ.കെ വിഭാഗം ‘നബിദിനം ഇസ്‌ലാമികം തന്നെ’ എന്ന പേരിൽ 2025 ആഗസ്റ്റ് 24 ഞായറാഴ്ച അതിന് മറുപടി വെച്ചു. ഖണ്ഡനം തുടരുന്നത് കൂടുതൽ ക്ഷീണമാകുമെന്ന ഉൾഭയത്താൽ ബിദ്അത്ത് വിഷയത്തിൽ ഒരു സംവാദം നടത്താൻ ധൈര്യമുണ്ടോ എന്ന് പരിഹാസ ഭാവത്തിൽ മുസ്‌ലിയാക്കന്മാർ ഇങ്ങോട്ട് വെല്ലുവിളി ഉയർത്തി. പിന്നീട് ‘നബിദിനാഘോഷം ഇസ്‌ലാമികമാണെന്നോ’എന്ന പേരിൽ 2025 ആഗസ്റ്റ് 30, ശനിയാഴ്ച മറുപടി വെച്ചപ്പോൾ അവർ കത്തുമായി സദസ്സിലേക്ക് വന്നു. സംവാദ വെല്ലുവിളി പരിഗണിച്ചുകൊണ്ട് പ്രസംഗിക്കവെ നമുക്ക് ഖണ്ഡനവുമായി കുറച്ച് മുന്നോട്ട് പോകാം, അനിവാര്യമെങ്കിൽ സംവാദമാകാം എന്നു മറുപടി കാടുത്തു. അല്ലെങ്കിൽ ‘നബിദിനാഘോഷം ഇസ്‌ലാമികമോ അനിസ്‌ലാമികമോ’ എന്ന വിഷയത്തിൽ 24/1/2016 ഞായർ കണ്ണൂർ കമ്പിൽ നമ്മൾ തന്നെ നടത്തിയ സംവാദം ഇരുകൂട്ടർക്കും തൃപ്തികരമല്ലേ, അത് നമുക്കൊരുമിച്ച് ചെറുവാടിയിൽ പ്രദർശിപ്പിച്ചാലും മതിയല്ലോ എന്നും ചോദിച്ചു. ആ സംവാദത്തിൽ പ്രമാണങ്ങൾക്ക് മുമ്പിൽ പതറിപ്പോയ പേടി വിട്ടുപോകാത്തതുകൊണ്ടാകാം അത് ഗൗനിക്കാതെ സംവാദത്തിന് എന്തുകൊണ്ട് തയ്യാറാവുന്നില്ല എന്നും പറഞ്ഞ് 2025 സെപ്തംബർ 1 തിങ്കളാഴ്ച അവർ വീണ്ടും മറുപടിയുമായി വന്നു. 2025 സെപ്തംബർ 14, ഞായറാഴ്ച ‘അഹ്‌ലുസ്സുന്നത്തി വൽജമാഅ്’ എന്ന വിഷയം മുൻനിറുത്തി അതിനുള്ള മറുപടി കൊടുക്കവെ, കഴിഞ്ഞ പ്രസംഗത്തിൽ നിർദേശിച്ചത് നിങ്ങളെ അലോസരപ്പെടുത്തുന്നുവെങ്കിൽ ‘വ്യവസ്ഥ എഴുതുക’ എന്നൊരു ഇടയിരുത്തമില്ലാതെ രണ്ടുഭാഗത്തുനിന്നും നിയമിക്കപ്പെടുന്നവർ വ്യവസ്ഥകൾ പൂർത്തിയാക്കുന്ന മുറക്ക് നേരിട്ട് സംവാദത്തിനായി നമുക്കിരിക്കാം എന്ന് മറുപടി നൽകി.

സമസ്തയിൽ കുഴപ്പം വിതക്കുന്ന ശജറകളും സംഘടനാപക്ഷവും തമ്മിലുള്ള പ്രശ്നങ്ങൾ കൊഴുത്ത് മൂത്ത് നിൽക്കുന്നതുകൊണ്ടാകാം സംവാദ ചർച്ചകൾക്കുള്ള ആദ്യ മൂന്ന് കത്തുകൾ ചെറുവാടി റെയ്ഞ്ച് സമസ്ത 100-ാം വാർഷിക സമ്മേളന സ്വാഗത സംഘം ലെറ്റർഹെഡിലും നാലാമത്തെ കത്ത് റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീന്റെ ലെറ്ററിലുമാണ് നൽകിയത്. ഒരു സംവാദമാകുമ്പോൾ അതിനൊരു ഔദ്യോഗികത വേണ്ടതിനാൽ താത്കാലിക സംവിധാനങ്ങൾ ഉപയോഗിക്കാതെ സമസ്ത മുശാവറയുടെയോ എസ്.കെ.എസ്.എസ്.എഫിന്റെയോ ലെറ്ററിൽ കത്ത് നൽകണമെന്ന് അവരോട് മാന്യമായി ആവശ്യപ്പെട്ടു. നിർബന്ധിതാവസ്ഥയിൽ അവസാനം രണ്ട് കത്തുകൾ എസ്.കെ.എസ്.എസ്.എഫ് യൂണിറ്റ്


WISDOM ISLAMIC ORGANIZATION
CHERUVADI UNIT
Regi. No. KKD/CA/616/2017
9495413083, 9895065900

24/09/2025

بسم الله الرحمن الرحيم
الحمد لله والصلاة والسلام على رسول الله

To :
എ.കെ അബ്ദുൽ ഗഫൂർ ഫൈസി

19/09/25 ഡേറ്റ് വെച്ചു കൊണ്ടുള്ള നിങ്ങളുടെ കത്ത് കിട്ടി. ഇപ്പോഴും സംഘടനയുടെ ഔദ്യോഗിക ലെറ്റർപാഡിൽ കത്ത് നൽകാൻ നിങ്ങൾ തയ്യാറായിട്ടില്ല. അതിന് വല്ല പ്രയാസവും ഉണ്ടെങ്കിൽ അത് അറിയിക്കാൻ കഴിഞ്ഞ കത്തിൽ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിനെക്കുറിച്ചും യാതൊരു പരാമർശവും കണ്ടില്ല.

ഈ സ്വാഗതസംഘം സമസ്ത അംഗീകരിച്ചത് തന്നെയാണോ എന്നത് ഞങ്ങൾക്കുറപ്പില്ല. കാരണം അത്രമാത്രം ഉൾപോരുകൾ ഇന്ന് സമസ്തക്കുള്ളിൽ ഉണ്ട് എന്നത് പരസ്യമായ കാര്യമാണല്ലോ. വിശിഷ്യാ കഴിഞ്ഞ ദിവസം മലപ്പുറത്ത് നടന്ന ‘തിരുത്ത്’ എന്ന ഹുദവികളുടെ പ്രോഗ്രാം വീക്ഷിച്ച ആർക്കും അക്കാര്യം വ്യക്തമാവും.

... കത്തിൽ ഒപ്പിട്ട ഫൈസി അടക്കമുള്ളവരും ഇവിടെ പ്രസംഗിച്ച അഷ്റഫിയും എല്ലാം സമസ്തയുടെ ഭാഗം തന്നെയാണോ, അല്ല വിഘടിതരാണോ എന്ന് ... ‘ഇതിന് ... ചുമലപ്പെടുത്തിയിരിക്കുന്നു’ എന്ന് ... ഔദ്യോഗിക ലെറ്റർ പേഡിൽ ഈ ... ക്കുന്നു.

കമ്മിറ്റിയുടെ ലെറ്ററിൽ നൽകുകയുണ്ടായി. അങ്ങനെ വിസ്ഡം നാല് കത്തുകളും സമസ്ത ആറ് കത്തുകളും കൈമാറിയത് പ്രകാരമാണ് സംവാദത്തിന് വേദിയൊരുങ്ങിയത്.

**വാദങ്ങളും അവതരണങ്ങളും**

*മുജാഹിദുകളുടെ വാദം:* 'നബിദിനാഘോഷം എന്ന ഇബാദത്ത്, ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കാത്തതും സ്വഹാബത്തോ താബിഉകളോ മാതൃക കാണിക്കാത്തതുമാണ്. മദ്ഹബിന്റെ ഇമാമുമാർക്ക് പോലും നബിദിനാഘോഷം എന്ന ഇബാദത്ത് പരിചയമില്ല. അതിനാൽ നബിദിനാഘോഷം ബിദ്അത്താണ് (ദുരാചാരമാണ്).'

*സമസ്തയുടെ വാദം:* 'നബിദിനാഘോഷം പുണ്യകർമമാണ്. ശിർക്കാണെന്നും ദുരാചാരമാണെന്നുമുള്ള വാദം തെറ്റാണ്.'

ഇരു ഭാഗത്തുനിന്നും ഏഴ് വീതം പണ്ഡിതന്മാരും നൂറ് വീതം ശ്രോതാക്കളും പങ്കെടുത്തുകൊണ്ടായിരുന്നു സംവാദം.

ആദ്യം വിഷയാവതരണം നടത്തിയത് ഫൈസൽ മൗലവിയാണ്. 'അല്ലാഹുവേ, നിന്റെ അടിമകൾക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായതിൽ വിധിക്കുന്നവൻ നീയാണ്. സത്യത്തിലേക്ക് തുറവി നൽകണേ' എന്ന പ്രാർഥനയോടെ അദ്ദേഹം വിഷയാവതരണം ആരംഭിച്ചു. പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കിക്കൊണ്ടാകണമെന്ന് പ്രത്യേകം ഉണർത്തി, വാദത്തിൽ ഒതുങ്ങിനിന്നുകൊണ്ട് അദ്ദേഹം സംസാരിച്ചു. അടിസ്ഥാനപരമായി പ്രമാണങ്ങളിൽ ഇല്ലാത്തതും ഉത്തമതലമുറക്കോ അഹ്‌ലുസ്സുന്നയുടെ ആദ്യകാല പണ്ഡിതന്മാർക്കോ പരിചയമില്ലാത്തതുമായ ഈ ആഘോഷം ദുരാചാരം തന്നെയാണെന്നതിൽ ഒട്ടും സംശയമില്ലെന്ന് തെളിവുകൾ നിരത്തി സമർഥിച്ചു.

ശിയാക്കളിലെ ഫാത്വിമിയാക്കൾ തുടങ്ങുകയും സൂഫിയായ മുല്ല ഉമർ ആചരിക്കുകയും പിന്നീട് ഹിജ്റ ഏഴാം നൂറ്റാണ്ടിൽ മുളഫ്ഫർ എന്ന രാജാവ് പൊലിപ്പിക്കുകയും ചെയ്ത ഒരാഘോഷമാണിതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഓരോരുത്തരും പുതുതായി ഉണ്ടാക്കുന്ന ആശയങ്ങൾക്ക് വേണ്ടി ആയത്തുകളും ഹദീസുകളും ദുർവ്യാഖ്യാനിച്ചൊപ്പിക്കുന്നത് പൂർവികരുടെ പ്രമാണ വ്യാഖ്യാന രീതിക്ക് നിരക്കാത്തതാണെന്നും വ്യാജ ഔലിയാക്കന്മാരെ അല്ലാഹുവിന്റെ സ്ഥാനത്തേക്ക് ഉയർത്താൻ പോലും പൗരോഹിത്യം ആയത്തുകളെ ദുരുപയോഗം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

നബിദിനാഘോഷത്തിന് ആയത്തുണ്ടെന്ന് വാദിക്കുമ്പോൾ അത് നബി(സ്വ)ക്കും സ്വഹാബത്തിനും താബിഉകൾക്കും മനസ്സിലായില്ലെന്നും അല്ലെങ്കിൽ ആയത്തിലുള്ളതിനെ അവർ അനുഷ്ഠിച്ചില്ലെന്നുമുള്ള മാരക ജൽപനങ്ങളുടെ അപകടവും അടിവരയിട്ടുണർത്തി. 'നല്ല ബിദ്അത്ത്' എന്ന് പൊലിപ്പിച്ച് അവതരിപ്പിച്ചാൽ അത് ദുരാചാരത്തിന് ന്യായമാകില്ല, കാരണം നബി(സ്വ) ആയിരം പ്രാവശ്യമെങ്കിലും മുന്നറിയിപ്പ് നൽകിയതാണ് 'പുതുതായി ഉണ്ടാക്കപ്പെടുന്ന കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കണം, നിശ്ചയം പുതുതായി ഉണ്ടാക്കപ്പെട്ടതെല്ലാം ബിദ്അത്താണ്, എല്ലാ ബിദ്അത്തും വഴികേടാണ്' എന്ന കാര്യം. ലൈലത്തുൽ ക്വദ്റിനെക്കാൾ പുണ്യമുള്ള രാത്രി, ബലിപെരുന്നാളിനെക്കാൾ വലിയ ആഘോഷം, മൂന്നാമത്തെ ആഘോഷം, മൂല്യമുള്ള ഇബാദത്ത് എന്നിങ്ങനെയെല്ലാം മീലാദാഘോഷം വിശേഷിപ്പിക്കപ്പെട്ടത് എത്രമാത്രം ഗുരുതരമാണെന്നും ഇതിന്റെ ഭംഗിക്കായി ചൊല്ലിക്കൊണ്ടിരിക്കുന്ന മാല മൗലിദുകളിലുള്ള ശിർക്കും അതിരുവിട്ട വാദങ്ങളും കള്ളക്കഥകളും കാരണം പരലോകമാണ് നഷ്ടമാവുക എന്നും അദ്ദേഹം ഉണർത്തി.


'ആദർശ വിശുദ്ധി നൂറ്റാണ്ടുകളിലൂടെ'
സമസ്ത 100-ാം വാർഷികം
അന്താരാഷ്ട്ര മഹാസമ്മേളനം
2026 ഫെബ്രുവരി 4-8
കാസർഗോഡ്-കുണിയ
വരക്കൽ മുല്ലക്കോയ തങ്ങൾ നഗർ
ചെറുവാടി റെയ്ഞ്ച് തല സ്വാഗത സംഘം
ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് അക്കാദമി
ചെറുവാടി, പി.ഒ. ചെറുവാടി, വഴി. മാവൂർ, കോഴിക്കോട് ജില്ല, 673661

Date: 19-09-2025

Ref.

To,

പ്രസിഡന്റ്, ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ,
ചെറുവാടി യൂണിറ്റ് കമ്മിറ്റി
പി. ഒ. ചെറുവാടി, വഴി. മാവൂർ
കോഴിക്കോട് ജില്ല, 673661.

വിഷയം :- നബിദിനാഘോഷം സംവാദം സംബന്ധിച്ച്
സൂചന :- (1) 30-08-2025ന് താങ്കൾക്ക് നൽകിയ കത്ത്
(2) 18-09-2025ന് നിങ്ങളിൽ നിന്ന് ലഭിച്ച കത്ത്

മാന്യരേ,

മേൽ സൂചന (1) പ്രകാരം താങ്കൾക്ക് നൽകിയ കത്തിൽ പരാമർശിച്ച കാര്യങ്ങൾക്ക് വസ്തുനിഷ്ഠമായി യഥാസമയം മറുപടി ലഭിച്ചിരുന്നില്ല. എന്നാൽ വൈകിയാണെങ്കിലും സൂചന (2) പ്രകാരം കഴിഞ്ഞ ദിവസം നിങ്ങൾ നൽകിയ കത്ത് കൈപ്പറ്റി. കത്തിലെ ചില പരാമർശങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതുമാണ്. സമസ്ത നൂറാം വാർഷിക മഹാസമ്മേളനത്തിന്റെ ഭാഗമായി സമസ്തയുടെയും പോഷക സംഘടനകളുടെയും ഭാരവാഹികൾ ഉൾപ്പെട്ട ചെറുവാടി റെയ്ഞ്ച് തല സ്വാഗത സംഘത്തിന്റെ ഔദ്യോഗിക ലറ്റർ ഹെഡിൽ തന്നെയാണ് നിങ്ങൾക്ക് കത്ത് നൽകിയത്.

കീഴ്‌വഴക്കങ്ങൾ അനുസരിച്ച് സാധാരണപോലെ വ്യവസ്ഥാപിതമായി സംവാദങ്ങൾ ... ഞങ്ങളുടെ വാദവും വ്യവസ്ഥകളും താഴെ കൊടുക്കുന്നു. നിങ്ങളുടെ വാദവും ... 25 നകം രേഖാമൂലം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സമസ്ത മുസ്‌ലിയാർ ഒന്നാമത്തെ വിഷയാവതരണം കേട്ടത് മൂലമുണ്ടായ അന്ധാളിപ്പ് കാരണം തന്റെ അവതരണത്തിൽ 'നബിദിനാഘോഷം പുണ്യകർമമാണ്' എന്ന സ്വന്തം വിശ്വാസത്തെ സ്ഥാപിക്കാൻ പോലും മറന്നുപോയി. മാത്രവുമല്ല, തന്റെ വാദത്തെ വെട്ടിപ്പൊളിച്ചുകൊണ്ടാണ്അവസാനംവരെയും മുസ്‌ലിയാർ സംസാരിച്ചത്. മതനിയമത്തിലുള്ള നിർദേശങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് നിർവഹിക്കപ്പെടുന്ന ചെറുതും വലുതുമായ കാര്യങ്ങൾക്ക് വമ്പിച്ച പ്രതിഫലമുണ്ടെന്ന് പഠിപ്പിച്ച, സൂറത്തു യാസീനിലെ '... അവർ ചെയ്തുവെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു...' എന്ന ആയത്തും വ്യത്യസ്ത ഇമാമുമാർ ഉദ്ധരിച്ച 'ആരെങ്കിലും ഇസ്‌ലാമിൽ ഒരു നല്ല ചര്യ നടപ്പിലാക്കിയാൽ' എന്ന ഹദീസുമാണ് തുടക്കത്തിൽ പറഞ്ഞുവെച്ചത്. ഇവ രണ്ടും മതത്തിലുള്ള കാര്യങ്ങളെ കുറിച്ചുള്ളതായതിനാൽ ദുരാചാരത്തെ പുണ്യകർമമാക്കാൻ ഇത് മതിയാവുകയില്ല! ഒരു കാര്യം അനാചാരമാകണമെങ്കിൽ അത് പുതുതായി ഉണ്ടാക്കിയതോ ദീനിൽ പെടാത്തതോ ആയിരിക്കണമെന്നായിരുന്നു മുസ്‌ലിയാരുടെ കണ്ടെത്തൽ. നബിദിനാഘോഷം നിർമിത ആഘോഷമാണ്, മതത്തിലുള്ളതല്ലെന്ന് ഇതിലൂടെ മുസ്‌ലിയാർക്കും സമ്മതിക്കേണ്ടി വന്നു. പല പണ്ഡിതന്മാരും ഭാഷാപരമായി 'ബിദ്അത്ത്' എന്ന് പ്രയോഗിച്ചത് മുസ്‌ലിയാർ വലിയ കാര്യമായി പറഞ്ഞുപോയെങ്കിലും അതൊന്നും മതപരമായ ബിദ്അത്ത് എന്ന അർഥത്തിലല്ലാത്തതിനാൽ വാദത്തെ സ്ഥിരീകരിക്കാൻ ഇതെങ്ങനെയാണ് പ്രാപ്തമാവുക? ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെ 'പ്രമാണങ്ങൾക്ക് എതിരായത് ബിദ്അത്താണ്' എന്ന പ്രസ്താവന മുസ്‌ലിയാർ ഉദ്ധരിച്ചത് പോലും അസ്ഥാനത്താണെന്ന് തിരിയാതെ പോയി. മുസ്‌ലിയാർ അവതരണം അവസാനിപ്പിക്കുമ്പോൾ പതിവ് പോലെ തന്നെ മുജാഹിദ് പ്രസ്ഥാനത്തിന്റെ പഴയകാല നേതാക്കളെ സ്മരിക്കാനും മറന്നുപോയില്ല.

**മുസ്‌ലിയാക്കന്മാരുടെ 9 ചോദ്യങ്ങൾ**

പത്തുവീതം ചോദ്യങ്ങൾ തീരുമാനിക്കപ്പെട്ടതിൽ സമസ്തക്കാർ ഒമ്പത് ചോദ്യങ്ങളാണ് ഉന്നയിച്ചത്.

1. സൂറതുന്നിസാഇലെ 'ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ' എന്ന ആയത്തോതി സംഘടനയുണ്ടാക്കാൻ ഏത് സ്വഹാബിയാണ്, താബിഇയാണ് പറഞ്ഞത് എന്നതായിരുന്നു ഒന്നാമത്തെ ചോദ്യം.

വിഷയം സംഘടനയല്ല, അതുകൊണ്ട് ചെയ്ത് കൂട്ടുന്ന ശിർക്കും ഖുറാഫാത്തുമാണ്. സംഘടനയുണ്ടാക്കൽ ഇബാദത്താണെന്ന് ആരും വാദിച്ചിട്ടില്ല. നിങ്ങളുടെ വാദം നബിദിനാഘോഷം ഇബാദത്താണെന്നാണ്. ഈ ആയത്ത് പൊതുവായ നിർദേശമാണ്. ആർക്കും സംഘടനയുണ്ടാക്കാം. മതവും ഭൗതികവും കൂട്ടിക്കെട്ടി ആയത്തുകൾക്ക് സ്വന്തമായി അർഥം വെച്ചതാണ് നിങ്ങൾക്ക് പറ്റിയ അബദ്ധമെന്നുമാണ് പ്രതികരിച്ചത്.

2. നബി(സ്വ)യുടെ ജനനം ലോകത്തിന് അനുഗ്രഹമല്ലയോ എന്നതായിരുന്നു രണ്ടാമത്തെ ചോദ്യം. ഞാൻ ജനിച്ച ദിവസമാണ് തിങ്കളാഴ്ച, അന്ന് നോമ്പെടുത്തോളൂ എന്ന് നബി(സ്വ) പറഞ്ഞതിനാൽ തിരുപ്പിറവി കാരുണ്യമാണ്, അതിൽ സംശയമയോ തർക്കമോ ഇല്ല. ആ കാരുണ്യത്തെ ആഘോഷദിനമാക്കുന്നതാണ് പ്രശ്നം, അതിനു തെളിവുണ്ടോ എന്ന് മറുപടി നൽകി.

3. നബിദിനാഘോഷം തന്നെ ശിർക്കാണെന്ന നിങ്ങളുടെ വാദം ഏതെങ്കിലും ആയത്തുകൊണ്ട് തെളിക്കാമോ എന്നായിരുന്നു മൂന്നാമത്തെ ചോദ്യം. ശിർക്കായത് ശിർക്കാണെന്ന് പറയാനും ശിർക്കല്ലാത്തത് ശിർക്കല്ലെന്ന് പറയാനും ഒരു മടിയുമില്ലെന്നതാണ് മുജാഹിദുകളുടെ പ്രത്യേകത. നബിദിനാഘോഷം നിരുപാധികം ശിർക്കാണെന്ന് മുജാഹിദ് പ്രസ്ഥാനം എവിടെയും എഴുതിയിട്ടില്ല. കമ്പിൽ സംവാ

**ലൈലത്തുൽ ക്വദ്റിനെക്കാൾ പുണ്യമുള്ള രാത്രി, ബലിപെരുന്നാളിനെക്കാൾ വലിയ ആഘോഷം, മൂന്നാമത്തെ ആഘോഷം, മൂല്യമുള്ള ഇബാദത്ത് എന്നിങ്ങനെയെല്ലാം മീലാദാഘോഷം വിശേഷിപ്പിക്കപ്പെട്ടത് എത്രമാത്രം ഗുരുതരമാണെന്നും ഇതിന്റെ ഭംഗിക്കായി ചൊല്ലിക്കൊണ്ടിരിക്കുന്ന മാല മൗലിദുകളിലുള്ള ശിർക്കും അതിരുവിട്ട വാദങ്ങളും കള്ളക്കഥകളും കാരണം പരലോകമാണ് നഷ്ടമാവുക എന്നും അദ്ദേഹം ഉണർത്തി.**

**മുസ്‌ലിയാക്കന്മാർ ഗംഭീരമായി കൊണ്ടാടുന്ന ഈ പുത്തനാഘോഷം ദുരാചാരമാണെന്ന് അവരെ തന്നെ ബോധ്യപ്പെടുത്തുന്ന തരത്തിൽ വിഷയത്തിന്റെ മർമം കേന്ദ്രീകരിച്ചുള്ള ചോദ്യങ്ങളായിരുന്നു മുജാഹിദുകളുടെത്. പ്രമാണങ്ങളുണ്ടെന്ന പത്രാസ്സിൽ ഇത്രയും കാലം നടന്നവർക്ക് അവർ ശേഖരിച്ച് വെച്ചതിനെ സംബന്ധിച്ച് ചോദിച്ചിട്ടും വ്യക്തമായ മറുപടി നൽകാൻ കഴിയാതെ വിയർക്കേണ്ടിവന്നു.**

ദത്തിലും ഇതുതന്നെ പറഞ്ഞു പറ്റിച്ചത് ഓർമയിൽ ഉണ്ടാകുമല്ലോ എന്നുമാണ് പ്രതികരിച്ചത്.

4. സൂറഃ മുജാദലയിലെ 'സത്യവിശ്വാസികളേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ നിങ്ങളുടെ രഹസ്യസംഭാഷണത്തിന്റെ മുമ്പായി ഏതെങ്കിലുമൊരു ദാനം നിങ്ങൾ അർപ്പിക്കുക' എന്ന ആയത്തിനെ മുൻനിർത്തി ഒരാൾ എല്ലാ വെള്ളിയാഴ്ചയും ജുമുഅക്ക് പോകും മുമ്പ് ഒരു സ്വദഖ ചെയ്യാൻ തീരുമാനിച്ചാൽ അത് ബിദ്അത്താണോ അല്ലയോ എന്നതാണ് നാലാമത്തെ ചോദ്യം.

നബിദിനാഘോഷം ഇസ്‌ലാമികമോ അല്ലയോ എന്ന് തീരുമാനമായിട്ടല്ലേ സ്വദഖ കൊടുക്കൽ? ഉത്തമ തലമുറക്ക് പരിചയമില്ലാത്തതെന്ന് ഖണ്ഡിതമായതാണ് ഈ കാര്യം. അല്ല, അവർക്കത് പരിചിതമായിരുന്നുവെന്ന് ഒരു വാക്ക് കൊണ്ടുപോലും പറയാൻ നിങ്ങൾ ധൈര്യപ്പെടാത്തതെന്താണ്? ശേഷമുള്ള ആയത്തുകൊണ്ട് ഇതിലെ വിധി മൻസൂഖ് (മായ്ക്കപ്പെട്ടത്) ചെയ്യപ്പെട്ടതിനാൽ ചോദിക്കപ്പെട്ട ആയത്തിലെ വിധി നിലനിൽക്കുന്നുമില്ല. മതനിയമത്തിലേക്ക് ചേർത്തും പ്രത്യേകത കൽപിച്ചും ആരാധനയാക്കിയുമൊക്കെ അങ്ങനെ ആരെങ്കിലും ചെയ്താൽ അത് ബിദ്അത്താകുമെന്നും പ്രതികരിച്ചു.

5. ഇമാം ബുഖാരി(റഹി) ഓരോ ഹദീസ് എഴുതുമ്പോഴും നബി(സ്വ)യുടെ റൗള ശരീഫിന്റെ അടുത്തിരുന്ന് എഴുതിയിരുന്നു, ആ പതിവ് പണി ബിദ്അത്താണോ എന്നതായിരുന്നു അഞ്ചാമത്തെ ചോദ്യം.

നബിദിനാഘോഷമെന്ന വിഷയത്തിലേക്ക് എന്താണ് നിങ്ങൾ വരാത്തത്? അത് ക്വുർആനിലോ സുന്നത്തിലോ ഉത്തമതലമുറയിലോ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരിലോ ഇല്ലെന്ന മുജാഹിദുകളുടെ വാദത്തെ 'ഇല്ലാത്ത' വാദമെഴുതിയ നിങ്ങൾക്ക് പൊളിക്കാൻ കഴിയാത്തതെന്താണ്? ഇമാം ബുഖാരി നിർവഹിച്ച നമസ്‌കാരം ഹദീസിൽ വന്ന സ്വലാത്തുൽ ഇസ്തിഖാറയാണ്. അത് ബിദ്അത്തല്ല. അദ്ദേഹം ഇരുന്നത് നബി(സ്വ) റൗളയെന്ന് വിശേഷിപ്പിച്ച സ്ഥലത്തുമാണ്. ഹദീസുകളോടുള്ള ആദരവ് മൂലം ഇമാം മാലിക്(റഹി) അടക്കം ചെയ്തത് മാതൃകയാക്കി ഇമാം ബുഖാരി(റഹി) ഈ ചെയ്തതിൽ നബിദിനാഘോഷം എവിടെയാണുള്ളത്? അങ്ങനെയാണെങ്കിൽ ഇമാം ബുഖാരി ആഘോഷിക്കാതിരിക്കുമോ?

6. ഒരാൾ നമസ്‌കാരത്തിന്റെ നിറുത്തത്തിൽ ലാഇലാഹ ഇല്ലല്ലാഹുവെന്ന് ആവർത്തിച്ച് ചൊല്ലിയാൽ കുറ്റകരമാണെന്ന് നിങ്ങൾ എഴുതിയിട്ടുണ്ട്. അങ്ങനെ പറയൽ അനുവദനീയമാണെന്ന് ഇബ്‌നു ഹജർ അസ്ഖലാനി പറഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ഈ തെളിവെടുക്കൽ ബിദ്അത്താണോ എന്നതാണ് ആറാമത്തെ ചോദ്യം.

ഒരു ആയത്തിൽനിന്നോ ഹദീസിൽനിന്നോ തെളിവ് കണ്ടെത്തൽ ഒന്നുകിൽ ശരിയാകാം അല്ലെങ്കിൽ തെറ്റാകാം. അത് ബിദ്അത്താവുകയില്ല എന്ന അടിസ്ഥാന തത്ത്വം പോലും തിരിയാത്തവരാണോ നിങ്ങൾ? ലക്ഷകണക്കിന് ഹദീസുകൾ മനഃപാഠമാക്കുകയും അവയെ ആദരിക്കുകയും ചെയ്ത ഒരു ഇമാമും നബിദിനമാഘോഷിച്ചതിന് തെളിവില്ല. ഗവേഷണത്തിന് കഴിവുള്ള ഇമാമുമാർ ഗവേഷണം നടത്തുമ്പോൾ അത് ശരിയായാൽ രണ്ട് കൂലിയും തെറ്റിയാൽ ഒരു കൂലിയുമാണ്. ഇതൊന്നും ഈ ദുരാചാരത്തിന് രേഖയാകില്ല.

7. റബീഉൽ അവ്വലിൽ നബി(സ്വ) മരണപ്പെട്ടു എന്നത് ആധികാരികമായി ഏത് ഇമാമിന്റെ ഗ്രന്ഥത്തിലാണ് തർക്കമില്ലാതെ വന്നിട്ടുള്ളത് എന്നതായിരുന്നു ഏഴാമത്തെ ചോദ്യം.

മരണ ദിവസത്തിലുള്ള തർക്കങ്ങളൊന്നും പരിഗണനീയമായവയല്ല. റബീഉൽ അവ്വൽ പന്ത്രണ്ട് തന്നെയാണ് പ്രബലമായ അഭിപ്രായം. കമ്പിൽ സംവാദത്തിലും ഇത് പറഞ്ഞിട്ടുണ്ട്. പ്രവാചകത്വവാദികളായ ഖാദിയാനികൾക്കുവരെ ശിയാക്കളാണ് ഇത് തുടങ്ങിയതെന്ന് തിരിഞ്ഞിട്ടും നിങ്ങൾക്ക് തിരിയുന്നില്ല! സമസ്ത തന്നെ സ്വന്തം പ്രസിദ്ധീകരണമായ അൽമുബാറകിൽ ഇതാചരിക്കുന്നവർ ശിയാ

ക്കളും സുന്നികളുമാണെന്ന് എഴുതിയത് വായിച്ചു കേൾപ്പിച്ച് മറുപടി നൽകി.

8. നബിദിനാഘോഷം പുണ്യകർമവും സുന്നത്തുമാണെന്ന് പറഞ്ഞ ഇമാമുമാരെ പുത്തൻവാദികളാക്കി വിധിച്ച് സമുദായത്തെ ഭിന്നിപ്പിക്കുകയല്ലേ നിങ്ങൾ ചെയ്യുന്നത് എന്നതാണ് എട്ടാമത്തെ ചോദ്യം.

മുളഫ്ഫർ രാജാവും ആത്മീയ ചൂഷകൻ ഇബ്നുദിഹിയ്യയും തുടങ്ങിയതിന് ശേഷം ഇത് നല്ല ബിദ്അത്താണെന്ന് അഭിപ്രായപ്പെട്ടവരുടെ പേരുകൾ മാത്രമാണ് വായിച്ചത്. എന്നാൽ അവരാരും അതിനെ ആരാധനയോ സുന്നത്തോ ആക്കിയിട്ടില്ല. ഉത്തമ തലമുറയുടെയോ നാല് ഇമാമുമാരുടെയോ പേര് വായിക്കാനും നിങ്ങൾക്ക് കഴിയുന്നില്ല. ഇമാം ശാത്വിബി(റഹി), ഇമാം ഫാകിഹാനി(റഹി), ഇബ്നു തൈമിയ്യ(റഹി), ഇമാം ശൗകാനി(റഹി), ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്(റഹി) തുടങ്ങിയവരെല്ലാം ഇത് ബിദ്അത്താണെന്ന് പഠിപ്പിച്ചവരാണ്. ഒരുപാട് ഗ്രന്ഥങ്ങളിൽ ഉണ്ടായതിനാൽ ഒരു കാര്യം ഇസ്‌ലാമാകില്ല, മറിച്ച് അത് അടിസ്ഥാനപരമായിരിക്കണം. ഇബ്നു റജബ്(റഹി) പറഞ്ഞ 'ചില ബിദ്അത്തുകളെ നല്ലതാക്കി പൂർവികർ സംസാരിച്ചത് മതപരമായത് എന്നർഥത്തിലല്ല മറിച്ച് ഭാഷപരമാണ്' എന്ന ഉദ്ധരണി വായിച്ചുകൊണ്ടാണ് പ്രതികരിച്ചത്.

9. മുജാഹിദ് പണ്ഡിതന്മാരായ കെ.എം മൗലവി, ഇ.കെ മൗലവി എന്നിവർ പണ്ട് ഇതാഘോഷിച്ചിരിക്കെ ഏത് തീയതിയിലാണ് അത് പാടില്ലെന്ന വഹ്‌യ് നിങ്ങൾക്കിറങ്ങിയത് എന്നതായിരുന്നു ഒമ്പതാമത്തെ ചോദ്യം.

ഞങ്ങൾക്ക് വഹ്‌യ് ഇറങ്ങിയിട്ടില്ല, ഇറങ്ങുകയുമില്ല. നബി(സ്വ)ക്ക് നൽകപ്പെട്ട വഹ്‌യ് തന്നെ ധാരാളമാണ്. വഹ്‌യിലൂടെ കിട്ടിയതിനെ മറികടന്നത് സമസ്തക്കാർ തന്നെയാണ്! പ്രമാണങ്ങളിലുള്ളതിന് എതിരായി ആര് പറഞ്ഞാലും അത് സ്വീകരിക്കുകയില്ല. പഴയകാല പ്രസിദ്ധീകരണങ്ങളായ അൽഇർശാദിലും അൽമുർശിദിലും വന്ന പരാമർശങ്ങളുടെ വ്യക്തത വരുത്തിയുള്ള നിരവധി പ്രഭാഷണങ്ങളും എഴുത്തുകളുമുണ്ട്. അതൊന്നും നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യില്ല. ചോദ്യത്തിന് വേണ്ടി പൊക്കിയെടുത്ത പുസ്തകത്തിലെ ഒന്നാമത്തെ ലേഖനം തന്നെ 'അൽഇർശാദും അൽമുർശിദും ഖുറാഫി കുപ്രചരണങ്ങളും' എന്നതാണ്. സൂഫീ ശൈഖ് രചിച്ച 'താരീഖുൽ ഇഹ്തിഫാൽ ബിൽ മൗലിദ് അന്നബവി' എന്ന ഗ്രന്ഥത്തിൽ ഫാത്വിമിയാക്കളിലെ ശിയാക്കളാണ് ഇത് തുടങ്ങിയതെന്ന് തറപ്പിച്ച് പറഞ്ഞ വരികളും വായിച്ചു കൊടുത്തു.

10. ഉത്തമ തലമുറയിൽ ഇല്ലാത്ത ഒന്നാണ് ഈ ആഘോഷമെന്ന് നമ്മൾ രണ്ട് കൂട്ടരും ഐക്യപ്പെട്ടതിലേക്ക് മടങ്ങുക എന്നതാണ് അഹ്‌ലുസ്സുന്ന വൽജമാഅയെന്ന് ഊന്നി പ്പറഞ്ഞുകൊണ്ടായിരുന്നു അവസാന പ്രതികരണം.

ഒമ്പത് ചോദ്യങ്ങൾക്ക് മുസ്‌ലിയാക്കന്മാർക്ക് അവസരമുണ്ടായിട്ട് ഒരവസരത്തിൽ പോലും മുജാഹിദുകൾ പ്രാമാണികമായി എടുത്ത 'ദുരാചാരമാണ്' എന്ന നിലപാടിനെ ഖണ്ഡിക്കാൻ അവർക്ക് കഴിഞ്ഞില്ല.

### മുജാഹിദുകളുടെ പത്ത് ചോദ്യങ്ങളും മുസ്‌ലിയാക്കന്മാരുടെ പത്തി മടക്കലും

മുസ്‌ലിയാക്കന്മാർ ഗംഭീരമായി കൊണ്ടാടുന്ന ഈ പുത്തനാഘോഷം ദുരാചാരമാണെന്ന് അവരെ തന്നെ ബോധ്യപ്പെടുത്തുന്ന തരത്തിൽ വിഷയത്തിന്റെ മർമം കേന്ദ്രീകരിച്ചുള്ള ചോദ്യങ്ങളായിരുന്നു മുജാഹിദുകളുടെത്. പ്രമാണങ്ങളുണ്ടെന്ന പത്രാസ്സിൽ ഇത്രയും കാലം നടന്നവർക്ക് അവർ ശേഖരിച്ച് വെച്ചതിനെ സംബന്ധിച്ച് ചോദിച്ചിട്ടും വ്യക്തമായ മറുപടി നൽകാൻ കഴിയാതെ വിയർക്കേണ്ടിവന്നു.

1. സ്വഹാബത്ത് നബിദിനാഘോഷം നടത്തിയെന്ന് അവരുടെ പേരിൽ നാടുനീളെ ബോർഡുകൾ വെച്ച് പ്രചരിപ്പിക്കുന്ന നിങ്ങൾക്ക് ഞങ്ങളുടെ വാദത്തിലെ പ്രസ്താവനയോടുള്ള നിലപാടെന്ത് എന്നതായിരുന്നു ഒന്നാമത്തെ ചോദ്യം.

'നിഅ്മത്തുൽ കുബ്റ'യെന്ന ഗ്രന്ഥത്തിലും പള്ളി ദർസിൽ പഠിപ്പിക്കുന്ന 'ഇആനതുത്ത്വാലിബീനി'ലു മൊക്കെ കുമിഞ്ഞ് കൂടിക്കിടക്കുന്ന ഇത്തരം കളവുകൾ പുറത്താകുമെന്ന പേടിയാലാകാം അതിനെ കുറിച്ച് കേട്ട ഭാവം പോലും നടിച്ചില്ല. അനാചാര മാനദണ്ഡം ഞങ്ങളുടെ ചോദ്യങ്ങളിലൂടെ പൊളിച്ചിട്ടുണ്ടെന്നും ഈ വാദം ഇമാമുമാരുടെ അംഗീകാരം ഇല്ലാത്തതാണെന്നുമുള്ള ഒഴിഞ്ഞുമാറ്റ മറുപടി പറഞ്ഞ് നീണ്ട പ്രസംഗം നടത്തുകയായിരുന്നു.

2. ഉത്തമ തലമുറക്ക് പരിചയമില്ല എന്നതിന് 'ഉണ്ട്' അല്ലെങ്കിൽ 'ഇല്ല' എന്ന ഉത്തരമാണ്

**അഹ്മദ് സർഹിന്ദിയും ശാഹ് വലിയുല്ലാഹ് ദഹ്‌ലവിയും നബിദിനമാഘോഷിച്ചു എന്ന് പറഞ്ഞ് മുസ്‌ലിയാർ സ്വയം അഭിമാനിതനാവുകയായിരുന്നു. ആധുനിക സാമൂഹ്യ പരിഷ്കർത്താക്കളെ ഉത്തമ തലമുറയുടെ കണ്ണിയിൽ ചേർക്കുന്ന കോമാളിത്തരമാണ് അവസാനം കാണേണ്ടി വന്നത്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ പ്രമാണ നിലപാട് നിലയുറക്കുകയും വ്യാജ തെളിവുകൾ തപ്പിയെടുത്ത് ഈ ദുരാചാരത്തെ താങ്ങി നടക്കുന്നവരുടെ നിലപാട് തകരുകയും ചെയ്ത കാഴ്ചയാണ് സംവാദ വേദിയിൽ കണ്ടത്.**

നൽകേണ്ടത്. അത് നൽകിയേ തീരൂ എന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ ആഘോഷത്തിന് തുടക്കമിട്ടത് ശപിക്കപ്പെട്ട അബൂലഹബാണെന്ന് പറഞ്ഞ് 1985 ഡിസംബർ സുന്നത്ത് മാസികയിൽ നിങ്ങൾ എഴുതിയത് ഇങ്ങനെയാണ്: 'നബി(സ്വ)യുടെ പിതൃവ്യൻ ഇതിന് തുടക്കം കുറിച്ചു.' ഇതിന്റെ അടിസ്ഥാനമായി കാണുന്ന, അബൂലഹബിന് നരകത്തിൽ ഇളവുണ്ടെന്ന സംഭവം അബൂലഹബല്ലാത്ത മറ്റാരെങ്കിലും പറഞ്ഞോ എന്നതാണ് രണ്ടാമത്തെ ചോദ്യം. ആ സംഭവം പറയപ്പെട്ട ചില ഗ്രന്ഥങ്ങൾ പറഞ്ഞൊപ്പിച്ചു എന്നല്ലാതെ രണ്ടാമതൊരാളെ പറയാൻ മുസ്‌ലിയാക്കന്മാർക്ക് കഴിഞ്ഞില്ല. നരകത്തിൽ അബൂലഹബിന് ഇളവ് കിട്ടുമെങ്കിൽ അത് അദൃശ്യ ജ്ഞാനത്തിൽപ്പെട്ടതും വിശ്വാസപരവുമാണല്ലോ! വഹ്‌യിലൂടെ വന്നതാണെങ്കിൽ നബി(സ്വ) അത് പറയും. ഒരു ശപിക്കപ്പെട്ടവന്റെ വാക്കാണോ നമുക്ക് വിശ്വസിക്കാനുള്ള പ്രമാണം?

അബൂലഹബല്ലാത്ത ആരെങ്കിലും പറഞ്ഞോ എന്നതിന് അയാളുടെ വാചകം എടുത്തു പറഞ്ഞവരെ പറഞ്ഞിട്ടെന്ത് കാര്യം! 'ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു' എന്ന് ഫിർഔൻ പറഞ്ഞത് ഖുർആനിലുണ്ട്. അതുകൊണ്ട് അവൻ റബ്ബാണെന്ന് നിങ്ങൾ പറയുമോ എന്ന് തിരിച്ചു ചോദിച്ചു.

3. ഈ ആഘോഷം തുടങ്ങിയത് ശിയാക്കളാണോ? അല്ലെങ്കിൽ അവർക്ക് മുമ്പ് ഏതെങ്കിലും വ്യക്തികളോ, ഭരണാധികാരികളോ ആരാണ് ഇത് ആഘോഷിച്ചത് എന്നതാണ് മൂന്നാമത്തെ ചോദ്യം.

കൂട്ടാളികളെ തക്ബീർ മുഴക്കാൻ പ്രേരിപ്പിച്ചു എന്നല്ലാതെ ഇതിന് ഉത്തരമായി ഒരക്ഷരം പോലും മുസ്‌ലിയാർ ഉരിയാടിയില്ല.

4. നബിദിനാഘോഷത്തിന് നിങ്ങൾ വ്യാപകമായി തെളിവാക്കുന്ന സൂറഃ യൂനുസിലെ 'അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ' എന്ന ആയത്തിലുള്ള കൽപന നിർബന്ധമാണോ? അല്ലെങ്കിൽ സുന്നത്തിലേക്കും അനുവദനീയത്തിലേക്കും അതിനെ മാറ്റുന്ന ഖരീനത്ത് (അനുമാനം) എന്താണ് എന്നതാണ് നാലാമത്തെ ചോദ്യം.

സംഘടന ഉണ്ടാക്കാൻ തെളിവ് കിട്ടിയത് എവിടെ നിന്നാണോ അതുതന്നെ എന്ന കുരുട്ട് മറുപടി മാത്രം പഠിച്ചുവെച്ച മുസ്‌ലിയാർക്ക് അതുതന്നെ പാടേണ്ടിവന്നു. കുറിക്ക് കൊണ്ട ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകാത്തതുകൊണ്ട് ഇത് പൂർവികർക്ക് തീരെ പരിചയമില്ലെന്ന വസ്തുത ശ്രോതാക്കൾക്ക് കൂടുതൽ ബോധ്യമായി.

5. നബി(സ്വ)യുടെ ജന്മദിനത്തെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞ് പരത്താറുള്ള 'നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്, പെരുന്നാളിനെക്കാൾ വലിയ ആഘോഷം,' 'ലൈലത്തുൽ ഖദ്റിനെക്കാൾ പുണ്യമുള്ള രാവ്,' 'ആനന്ദദായകമായ മറ്റൊരാഘോഷമില്ല' തുടങ്ങിയ അവകാശവാദങ്ങൾക്ക് ഖുർആനിലോ, സ്വഹീഹായ ഹദീസിലോ, സ്ഥിരപ്പെട്ട ഇജ്മാഇലോ, വ്യക്തമായ ഖിയാസിലോ തെളിവുള്ളതായി കാണിക്കാമോ എന്നതാണ് അഞ്ചാമത്തെ ചോദ്യം

സുവ്യക്തമായ പ്രമാണങ്ങളിൽനിന്ന് ഏതെങ്കിലും തെളിവ് കാണിക്കാമോ എന്നതിന് ഇബ്നു തൈമിയ്യ(റഹി), ഇബ്നുൽ ഖയ്യിം (റഹി), കെ.എം മൗലവി(റഹി) എന്നീ പണ്ഡിതന്മാരുടെ പ്രശംസാഗീതം ആലപിക്കലായിരുന്നു മറുപടി. അവരാരും എവിടെയും ഇപ്രകാരമൊരു വിശ്വാസം എഴുതുകയോ പറയുകയോ ചെയ്തിട്ടില്ല.

6. ആഘോഷമെന്ന തലത്തിൽ നബിദിനാഘോഷം ശിർക്കാണെന്ന് മുജാഹിദ് പ്രസ്ഥാനം എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ എന്നതായിരുന്നു ആറാമത്തെ ചോദ്യം.

അന്ധവിശ്വാസങ്ങളെ അരക്കിട്ടുറപ്പിക്കാൻ വേണ്ടി സമൂഹത്തെ പറഞ്ഞ് പറ്റിക്കുന്ന മുസ്‌ലിയാക്കന്മാരെ പൊളിക്കാൻ വേണ്ടി തന്നെയായിരുന്നു ഈ ചോദ്യം. കെ. ഉമർ മൗലവി(റഹി) അദ്ദേഹത്തിന്റെ 'സൽസബീലി'ലും 'ഓർമകളുടെ തീരത്ത്' എന്ന പുസ്തകത്തിലും മാ

ലമൗലീദുകൾ പാരായണം ചെയ്യുന്നതിലൂടെ അല്ലാഹുവല്ലാത്തവരുടെ പൊരുത്തം കാംക്ഷിക്കുന്നത് കാരണമായി ശിർക് സംഭവിക്കുന്നുവെന്ന് നിബന്ധന പ്രകാരം പറഞ്ഞത് വായിച്ചുകൊണ്ടാണ് മുസ്‌ലിയാർ മാനം കാക്കാൻ നോക്കിയത്. നബിദിനാഘോഷം നിരുപാധികം ശിർക്കാണെന്ന് പറഞ്ഞതോ, എഴുതിയതോ കാണിക്കാൻ അവർക്ക് കഴിഞ്ഞില്ല. കമ്പിൽ സംവാദത്തിലും പുസ്തകം കട്ട് വായിച്ച പണി ഇവിടെയും ആവർത്തിച്ചെന്ന് മാത്രം!

7. സി.കെ മുഹമ്മദ് അബ്ദുറഹ്മാൻ ഫൈസി തന്റെ 'മജ്മഉൽ അൻവാർ' എന്ന ഗ്രന്ഥത്തിൽ എഴുതിയ 'ഏത് നബിയുടെ ജനനം സ്ഥിരപ്പെട്ട സമയത്തെയും മഹത്വപ്പെടുത്തൽ' എന്നത് ചൂണ്ടിക്കാണിച്ച്, കാരുണ്യം കൊണ്ട് സന്തോഷിക്കണമെന്ന നിങ്ങളുടെ വാദപ്രകാരം ഈസാ നബി(അ) കാരുണ്യമാണെന്നും ഖുർആനിലുണ്ടല്ലോ, അതുകൊണ്ട് ഒരു സമസ്തക്കാരൻ ക്രിസ്മസ് ആഘോഷിച്ചാൽ അവന്റെ വിധിയെന്താണ്? അതു പോലെ തന്നെ ഫള്‌ലിനും റഹ്മത്തിനും അലി(റ), ഖുർആൻ, ഇസ്‌ലാം എന്നെല്ലാം വ്യാഖ്യാനങ്ങൾ നൽപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ആഘോഷിക്കാമോ? ഇതായിരുന്നു ഏഴാമത്തെ ചോദ്യം.

ഈസാ നബി(അ)യും ക്രിസ്മസ്സും തമ്മിലെന്താണ് ബന്ധമെന്ന് ചോദിച്ച് സമയം കളയാനേ മുസ്‌ലിയാർക്ക് നിർവാഹമുണ്ടായിരുന്നുള്ളൂ. നബിദിനാഘോഷവും മുഹമ്മദ് നബി(സ)യും എപ്രകാരമാണോ ബന്ധം അതാണല്ലോ ഈസാ നബിയുടെ കാര്യത്തിലുമുള്ളതെന്ന സാമാന്യവിവരം പോലും അവർക്കില്ലാതെ പോയി. ഫൈസിയുടെ അഭിപ്രായം നെഞ്ചിൽ തറച്ചതുകൊണ്ടാകാം അതിനെപ്പറ്റി ഒരു മിണ്ടാട്ടവുമുണ്ടായില്ല. പൊതുവായ റഹ്മത്തിൽ ഈസാ നബി(അ) പെടും എന്നറിയാത്ത മുസ്‌ലിയാർക്ക് 'അവനെ (ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആക്കാനും' എന്ന സൂറഃ മർയമിലെ ആയത്തോതി ആ അജ്ഞത തീർത്ത് കൊടുക്കുകയും ചെയ്തു. കാരുണ്യത്തിന്റെ താൽപര്യം അലി(റ)യാണെന്ന് പറയപ്പെട്ടത് ഗരീബായ ഒന്നാണെന്ന് മുസ്‌ലിയാർ തട്ടിവിട്ടപ്പോൾ അതേ ഉദ്ധരണിയിൽ ഫള്ൽ എന്നത് നബി(സ)യാണെന്ന് എഴുതിയത് മുസ്‌ലിയാർ അറിഞ്ഞില്ല!

8. നബിദിനാഘോഷത്തെ നല്ല ബിദ്അത്താക്കാനുള്ള കാരണങ്ങൾ കൊണ്ട് റഗാഇബ് നമസ്കാരം പോലുള്ളവ നല്ലതാക്കാൻ പറ്റുന്നതായിട്ടും പണ്ഡിതന്മാർ അത് ബിദ്അത്തുൻ മുൻകറയായി പഠിപ്പിച്ചു. എങ്കിൽ നല്ല ബിദ്അത്തും ചീത്ത ബിദ്അത്തും വ്യവഛേദിക്കാനുള്ള നിബന്ധനകൾ പണ്ഡിതന്മാരുടെ വാക്കുകൾകൊണ്ട് തെളിയിക്കാമോ എന്നതാണ് എട്ടാമത്തെ ചോദ്യം.

പുത്തനാചരങ്ങൾ പലരും കടത്തിക്കൂട്ടിയിട്ടുണ്ട്. ഇമാമുമാർ അതിനെ എതിർട്ടുണ്ട്. ഞങ്ങളും എതിർക്കുന്നു. അതെല്ലാം ബിദ്അത്തായത് ശറഇന് എതിരായതുകൊണ്ടാണ് എന്നായിരുന്നു മറുപടി. മീലാദാഘോഷമെന്ന പുത്തനാചാരത്തിൽ പറ്റിപ്പിടിച്ച ഇവർക്ക് അത് മതത്തിനെതിരാണെന്ന് ഒരിക്കലും തിരിയുകയില്ല! എത്രയോ പണ്ഡിതന്മാർ അനാചാരമാകാൻ പരിധിയായി വെച്ച 'പൂർവികർ അത് ചെയ്തിട്ടില്ല' എന്ന കാരണം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

9. സുന്നി അഫ്കാറിൽ സമസ്തക്കാർ എഴുതിയ 'നബിദിനാഘോഷം ശറഇൽ പെടും,' 'മൗലിദ് ആഘോഷം മൂല്യമുള്ള ഇബാദത്ത്' തുടങ്ങിയ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ശറഇയ്യായ കാര്യത്തിൽ നല്ലതും ചീത്തയുമുണ്ടെന്ന് ആര് പറഞ്ഞു എന്നതായിരുന്നു ഒമ്പതാമത്തെ ചോദ്യം.

ഭാഷാപരമായി ബിദ്അത്തെന്ന് പറഞ്ഞവരുടെ പേര് വായിച്ച് മുസ്‌ലിയാർ സ്വയം ചൂളുകയായിരുന്നു. അവരുടെ പ്രിയപ്പെട്ട ഇമാമായ ഇബ്നു ഹജർ ഹൈതമി 'ഫതാവൽ ഹദീസിയ്യ'യിൽ 'ശറഇയ്യായ എല്ലാ ബിദ്അത്തും ആക്ഷേപാർഹമാണ്' എന്ന് എഴുതിയത് വായിച്ചു കേൾപിച്ചു..

10. ഉത്തമ തലമുറയിൽപ്പെട്ട ആരെങ്കിലും നബിദിനം ആഘോഷിച്ചതോ അതിന് നിർദേശിച്ചതോ ആയ വല്ല തെളിവുമുണ്ടോ എന്ന നിസ്സാരമായ ചോദ്യമായിരുന്നു പത്താമത്തെത്

അഹ്മദ് സർഹിന്ദിയും ശാഹ് വലിയുല്ലാഹ് ദഹ്‌ലവിയും നബിദിനമാഘോഷിച്ചു എന്ന് പറഞ്ഞ് മുസ്‌ലിയാർ സ്വയം അഭിമാനിതനാവുകയായിരുന്നു. ആധുനിക സാമൂഹ്യ പരിഷ്കർത്താക്കളെ ഉത്തമ തലമുറയുടെ കണ്ണിയിൽ ചേർക്കുന്ന കോമാളിത്തരമാണ് അവസാനം കാണേണ്ടി വന്നത്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ പ്രമാണ നിലപാട് നിലയുറക്കുകയും വ്യാജ തെളിവുകൾ തപ്പിയെടുത്ത് ഈ ദുരാചാരത്തെ താങ്ങി നടക്കുന്നവരുടെ നിലപാട് തകരുകയും ചെയ്ത കാഴ്ചയാണ് സംവാദ വേദിയിൽ കണ്ടത്. ■



## ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

6

# തട്ടിപ്പുകളുടെ കൂട്ടുകെട്ട്

മുഹമ്മദ് അമീൻ

റിയാദിലെ ഒരു ഉച്ചസമയം. പ്രശസ്തനായ ‘സഹ്‌വ’ നേതാവ് സഅദ് അൽഫകീഹിന്റെ വീട്ടിലേക്ക് അതിഥിയായി മറ്റൊരു സഹ്‌വ ആചാര്യൻ എത്തുന്നു - സഫർ അൽഹവാലി. പുറമെ നോക്കുന്നവർക്ക് അതൊരു സൗഹൃദ സന്ദർശനമായിരുന്നു. നമസ്കാരവും ഭക്ഷണവും കഴിഞ്ഞ് ദീർഘനേരം അവർ അടച്ചിട്ട മുറിയിൽ സംസാരിച്ചു. ഒടുവിൽ സഫർ അൽഹവാലിയെ യാത്രയയക്കാൻ സഅദ് അൽഫകീഹ് എയർപോർട്ടിലേക്ക് കൊണ്ടുപോയി.

വിമാനത്താവളത്തിന്റെ കവാടത്തിൽ വെച്ച് സഅദ് അൽ-ഫകീഹ് ചോദിച്ചു: ‘ഞാൻ രാജ്യം വിട്ട് പുറത്തേക്ക് പോവുകയാണ് (രാഷ്ട്രത്തിനെതിരെ പ്രവർത്തിക്കാൻ). താങ്കളിൽ നിന്ന് ഞങ്ങൾ എന്താണ് പ്രതീക്ഷിക്കേണ്ടത്? എന്താണ് താങ്കൾ ഞങ്ങൾക്ക് നൽകുന്ന ഉറപ്പ്?’

**ഇഖ്‌വാനികളുടെ തന്ത്രം എക്കാലത്തും ഒന്നുതന്നെയായിരുന്നു; ‘വിഭജിച്ചു ഭരിക്കുക.’ സഅദ് അൽഫഖീഹിന്റെയും മുഹമ്മദ് അൽമസ്അരിയുടെയും നേതൃത്വത്തിൽ ഒരു വിഭാഗം വിദേശത്തിരുന്ന് (ലണ്ടൻ കേന്ദ്രീകരിച്ച്) സൗദി ഭരണകൂടത്തെ പരസ്യമായി ആക്രമിക്കാൻ തീരുമാനിച്ചു. അതേസമയം, സൽമാൻ അൽഔദ, സഫർ അൽഹവാലി, നാസർ അൽഉമർ എന്നിവർ രാജ്യത്തിനകത്തുനിന്ന് ജനങ്ങളെ ഇളക്കിവിടാനും തീരുമാനിച്ചു. ഇത് വെറുമൊരു യാദൃച്ഛികതയായിരുന്നില്ല, കൃത്യമായ ആസൂത്രണമായിരുന്നു.**

അപ്പോൾ സഫർ അൽഹവാലി നൽകിയ മറുപടി ‘രക്തത്തിന് പകരം രക്തം, നാശത്തിന് പകരം നാശം’ എന്നായിരുന്നു.

മുസ്‌ലിം ഭരണകൂടത്തിനെതിരെയും തൗഹീദിന്റെ പണ്ഡിതന്മാർക്കെതിരെയും പോരാടാൻ, ഒരു ഇഖ്‌വാനി മറ്റൊരു ഇഖ്‌വാനിക്ക് നൽകുന്ന വാഗ്ദാനമാണിത്!

സഅദ് അൽഫഖീഹ് തന്നെ പിന്നീട് ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തിയ ഈ സംഭവം, ഇഖ്‌വാനികളുടെ ഉള്ളിലിരിപ്പ് എത്രമാത്രം അപകടകരമാണ് എന്നതിന്റെ തെളിവാണ്.

ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് അൽഖാഇദയും പിന്നീട് ഐസിസും സൗദി അറേബ്യയിൽ രക്തച്ചൊരിച്ചിലുകൾ നടത്തിയത്. അൽഖാഇദ നേതാവായിരുന്ന അലി അൽഫഖ്അസി എന്ന ഭീകരൻ ജയിലിൽ വെച്ച് നടത്തിയ അഭിമുഖത്തിൽ സമ്മതിക്കുന്നുണ്ട്:

‘സൽമാൻ അൽഔദ, സഫർ അൽഹവാലി, ആയിദ് അൽഖർനി തുടങ്ങിയവരുടെ കാസറ്റുകളും പ്രസംഗങ്ങളുമാണ് ഞങ്ങളെ ഭരണകൂടത്തിനെതിരെ തിരിയാൻ പ്രേരിപ്പിച്ചത്. ഇന്ന് അവർ ടിവിയിൽ വന്ന് സമാധാനം പ്രസംഗിക്കുന്നു. പക്ഷേ, ഞാനിന്ന് ജയിലിലാണ്.’

ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സൗദിയിലെ ചരിത്രം പരിശോധിക്കുന്ന ഈ പരമ്പരയുടെ ആറാം ഭാഗത്തിൽ, അവരുടെ രഹസ്യ അജണ്ടകളുടെയും പിൽക്കാലത്ത് അവരുടെ നേതാക്കന്മാർ തന്നെ നടത്തിയ കുറ്റസമ്മതങ്ങളുടെയും കാണാപ്പുറങ്ങൾ നാം പരിശോധിക്കുകയാണ്.

**രണ്ട് തട്ടുകൾ, ഒരേ ലക്ഷ്യം!**

ഇഖ്‌വാനികളുടെ തന്ത്രം എക്കാലത്തും ഒന്നുതന്നെയായിരുന്നു; ‘വിഭജിച്ചു ഭരിക്കുക.’ സഅദ് അൽഫഖീഹിന്റെയും മുഹമ്മദ് അൽമസ്അരിയുടെയും നേതൃത്വത്തിൽ ഒരു വിഭാഗം വിദേശത്തിരുന്ന് (ലണ്ടൻ കേന്ദ്രീകരിച്ച്) സൗദി ഭരണകൂടത്തെ പരസ്യമായി ആക്രമിക്കാൻ തീരുമാനിച്ചു. അതേസമയം, സൽമാൻ അൽഔദ, സഫർ അൽഹവാലി, നാസർ അൽഉമർ എന്നിവർ രാജ്യത്തിനകത്തു നിന്ന് ജനങ്ങളെ ഇളക്കിവിടാനും തീരുമാനിച്ചു. ഇത് വെറുമൊരു യാദൃച്ഛികതയായിരുന്നില്ല, കൃത്യമായ ആസൂത്രണമായിരുന്നു.

മുഹമ്മദ് അൽമസ്അരി പിന്നീട് പരസ്യമായി സമ്മതിച്ച ഒരു കാര്യമുണ്ട്; ലണ്ടനിൽ വെച്ച് അവർക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെട്ടപ്പോൾ, ഖത്തറിൽനിന്ന് അവർക്ക് പണം എത്തിച്ചുനൽകിയത് സൗദിയിലുണ്ടായിരുന്ന സൽമാൻ അൽഔദയായിരുന്നു. സൗദി അറേബ്യയെ തകർക്കാൻ വിദേശത്തിരുന്ന് ഗൂഢാലോചന നടത്തുന്നവർക്ക്, രാജ്യത്തിനകത്തിരുന്ന് ഇവർ സഹായം നൽകുകയായിരുന്നു.

**‘മുദക്കിറതുന്നസ്വീഹ’ ഉപദേശമോ അട്ടിമറിയോ?**

സൗദി ചരിത്രത്തിലെ ഏറ്റവും വലിയ അട്ടിമറി ശ്രമങ്ങളിൽ ഒന്നായിരുന്നു ‘മുദക്കിറതുന്നസ്വീഹ’ എന്ന പേരിൽ അറിയപ്പെട്ട രേഖ. പുറമെ നോക്കുമ്പോൾ ഭരണാധികാരികൾക്കുള്ള ഗുണകാംക്ഷ നിറഞ്ഞ

ഉപദേശമായി തോന്നുമെങ്കിലും, യഥാർഥത്തിൽ അതൊരു ഭീഷണിയായിരുന്നു. സൽമാൻ അൽഔദ, സഫർ അൽഹവാലി, അയിള് അൽഖർനി തുടങ്ങിയവർ ഒപ്പിട്ട ഈ രേഖ, ബി.ബി.സി ഉൾപ്പെടെയുള്ള വിദേശ മാധ്യമങ്ങളിലൂടെയാണ് അവർ പരസ്യപ്പെടുത്തിയത്.

ഇതിനെക്കുറിച്ച് പിൽക്കാലത്ത് അയിള് അൽഖർനി 'അൽ-ലിവാനി'ൽ നടത്തിയ വെളിപ്പെടുത്തൽ ശ്രദ്ധേയമാണ്: 'അതൊരു ഉപദേശമായിരുന്നില്ല, മറിച്ച് ഭരണകൂടത്തിന് മേൽ സമ്മർദം ചെലുത്താനുള്ള ഒരു രാഷ്ട്രീയ നീക്കമായിരുന്നു. ഭരണകൂടത്തിനു മേൽ ഞങ്ങൾക്ക് ഒരു അധീശത്വം സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. ജനങ്ങളെ ഇളക്കിവിട്ട് സർക്കാറിനെ മുട്ടുകുത്തിക്കാനാണ് ഞങ്ങൾ അത് വിദേശ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചത്.'

തൗഹീദിന്റെ പണ്ഡിതസഭയായ സൗദി ഹൈഅത്തു കിബാറുൽ ഉലമ അന്നുതന്നെ ഇതിനെതിരെ ശക്തമായി രംഗത്തുവന്നു. ഇതൊരു ഉപദേശമല്ല, മറിച്ച് രാജ്യത്ത് ഫിത്ന (കുഴപ്പം) ഉണ്ടാക്കാനുള്ള ശ്രമമാണെന്ന് ശൈഖ് ബിൻ ബാസ്(റഹി) അടക്കമുള്ളവർ മുന്നറിയിപ്പ് നൽകി.

തുടർന്ന്, 'ലജ്നത്തുൽ ഹുഖൂഖ്' എന്ന പേരിൽ ഇവർ പുതിയൊരു സംഘടനയുണ്ടാക്കി. ഇതിന്റെ തലപ്പത്ത് സാദ് അൽഫഖീഹ്, മുഹമ്മദ് അൽമസ്അരി എന്നിവരായിരുന്നു. ലക്ഷ്യം മനുഷ്യാവകാശമായിരുന്നില്ല, മറിച്ച് ഭരണകൂടത്തെ അട്ടിമറിക്കലായിരുന്നു. സൽമാൻ അൽഔദ ഖത്തറിലെ ഒരു പ്രമുഖനുമായി ബന്ധപ്പെട്ട് ഇവർക്ക് സാമ്പത്തിക സഹായം

**ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് കഴിഞ്ഞുപോയ ഒരു ചരിത്രമല്ല; മറിച്ച് പല രൂപങ്ങളിൽ, പല പേരുകളിൽ ഇന്നും പതിയിരിക്കുന്ന അപകടമാണ്. പണ്ഡിതന്മാരുടെ വേഷമണിഞ്ഞും വിപ്ലവകാരികളുടെ വേഷമണിഞ്ഞും അവർ വന്നേക്കാം. എന്നാൽ അല്ലാഹുവിന്റെ വചനവും പ്രവാചകചര്യയും മുറുകെപ്പിടിക്കുന്ന, സലഫുകളുടെ പാത പിന്തുടരുന്നവർക്ക് മാത്രമെ ഈ ചതിക്കുഴികളെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. സൗദി അറേബ്യ എന്ന തൗഹീദിന്റെ മണ്ണ് ഇന്നും സുരക്ഷിതമായി നിലകൊള്ളുന്നത് ഇത്തരം വിഷവിത്തുകളെ തിരിച്ചറിഞ്ഞ് പിഴുതെറിഞ്ഞതുകൊണ്ടാണ്.**

നൽകിയിരുന്നു എന്ന് മുഹമ്മദ് അൽമസ്അരി തന്നെ വെളിപ്പെടുത്തുന്നുണ്ട്.

### പണ്ഡിതന്മാരെ വ്യക്തിഹത്യ ചെയ്യുന്ന തന്ത്രം

സൗദി അറേബ്യയിൽ ഇഖ്‌വാനികൾക്ക് മുന്നിലെ ഏറ്റവും വലിയ തടസ്സം അവിടുത്തെ സലഫി പണ്ഡിതന്മാരായിരുന്നു. ശൈഖ് ഇബ്നു ബാസ്(റഹി), ശൈഖ് ഉസൈമീൻ(റഹി) തുടങ്ങിയ പണ്ഡിതന്മാർ ജനങ്ങളുടെ മനസ്സിൽ വലിയ സ്വാധീനമുള്ളവരായിരുന്നു. ഇവരെ തകർക്കാതെ വിപ്ലവം സാധ്യമല്ലെന്ന് ഇഖ്‌വാനികൾക്കറിയാമായിരുന്നു. അതിനായി അവർ രണ്ട് തന്ത്രങ്ങൾ പ്രയോഗിച്ചു:

### പണ്ഡിതന്മാരോട് വെറുപ്പുണ്ടാക്കൽ

സൽമാൻ അൽഔദയെപ്പോലെയുള്ളവർ യുവാക്കളോട് ചോദിച്ചു: 'ഈ പണ്ഡിതന്മാർക്ക് ലോകവിവരം ഉണ്ടോ? അവർ എപ്പോഴും ആർത്തവത്തെക്കുറിച്ചും പ്രസവരക്തത്തെക്കുറിച്ചും (നിഫാസ്) വുദൂഇനെക്കുറിച്ചും മാത്രമാണ് സംസാരിക്കുന്നത്. രാഷ്ട്രീയ കാര്യങ്ങൾ അവർക്ക് അറിയില്ല.' ഇതൊരു വലിയ ചതിപ്രയോഗമായിരുന്നു. ഇസ്‌ലാമിൽ ഭരണ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത് ഭരണാധികാരികളാണ് (ഉലുൽ അംറ്). പണ്ഡിതന്മാർ അവർക്ക് ഉപദേശം നൽകുകയാണ് വേണ്ടത് എന്ന പാഠം ഇവർ വിസ്മരിക്കുകയാണ്.

### വ്യാജ സ്തുതി

മുഹമ്മദ് അൽമസ്അരി വെളിപ്പെടുത്തിയ ഒരു സംഭവമുണ്ട്: സൽമാൻ അൽഔദ ഒരിക്കൽ ശൈഖ് ഇബ്നു ബാസിനെ പരസ്യമായി പുകഴ്ത്തി സംസാരിച്ചു. അപ്പോൾ മസ്അരി ചോദിച്ചു: 'നിങ്ങൾ എന്തിനാണ് അദ്ദേഹത്തെ ഇങ്ങനെ പുകഴ്ത്തുന്നത്? അദ്ദേഹം നമുക്കെതിരല്ലേ?' സൽമാൻ അൽഔദയുടെ മറുപടി ഞെട്ടിക്കുന്നതായിരുന്നു: 'അദ്ദേഹം പെട്ടെന്ന് മരിച്ച് സ്വർഗത്തിൽ പോകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു (നമുക്ക് ശല്യം ഒഴിയുമല്ലോ). എന്നാൽ ഇപ്പോൾ അദ്ദേഹത്തെ പുകഴ്ത്തേണ്ടത് ജനങ്ങളെ കൈയിലെടുക്കാൻ ആവശ്യമാണ്. ഇല്ലെങ്കിൽ അദ്ദേഹം പുറ

പ്പെടുവിക്കുന്ന ഫത്‌വകൾ നമുക്ക് പാരയാകും.'

ഇതാണ് ഇഖ്‌വാനികളുടെ കാപട്യം. ജനങ്ങളുടെ മുന്നിൽ പണ്ഡിതന്മാരെ ബഹുമാനിക്കുന്നതായി നടിക്കുകയും രഹസ്യമായി അവർ മരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുക! (അല്ലാഹുവിൽ അഭയം!).

**അയിള് അൽഖർനിയുടെ കുറ്റസമ്മതം**

2019ൽ സൗദി ടിവിയിലെ 'അൽലിവാൻ' എന്ന പരിപാടിയിൽ അയിള് അൽഖർനി നടത്തിയ കുറ്റസമ്മതം സൗദിയിലെ ഇഖ്‌വാനിസത്തിന്റെ മേലുള്ള അവസാനത്തെ ആണിയായിരുന്നു. 'ഞാൻ ഇന്ന് ചരിത്രപരമായ ഒരു സത്യം തുറന്നുപറയുന്നു' എന്ന് ആമുഖമായി പറഞ്ഞുകൊണ്ട് അയാൾ നടത്തിയ വെളിപ്പെടുത്തലുകൾ ഇവയാണ്:

'സഹ്‌വ (ഇഖ്‌വാനി) പ്രസ്ഥാനം വരുത്തിവെച്ച തെറ്റുകൾക്ക് ഞാൻ അല്ലാഹുവിനോടും പിന്നീട് സൗദി സമൂഹത്തോടും മാപ്പ് ചോദിക്കുന്നു.' തങ്ങൾ മൂന്ന് വലിയ തെറ്റുകൾ ചെയ്തുവെന്ന് അയാൾ സമ്മതിക്കുന്നു:

*1. ഭരണകൂടവുമായുള്ള ഏറ്റുമുട്ടൽ:* ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി ഭരിക്കുന്ന ഒരു ഇസ്‌ലാമിക ഭരണകൂടത്തിനെതിരെ ജനങ്ങളെ തിരിച്ചുവിടുകയും ഭരണകൂടവുമായി ഏറ്റുമുട്ടലിന്റെ പാത സ്വീകരിക്കുകയും ചെയ്തു.

*2. പണ്ഡിതന്മാരെ പാർശ്വവൽക്കരിക്കൽ:* ശൈഖ് ഇബ്നു ബാസ്(റഹ്), ശൈഖ് ഉസൈമീൻ(റഹി) തുടങ്ങിയ ഉന്നത പണ്ഡിതന്മാരെ തഴയുകയും അവരുടെ ശബ്ദം ജനങ്ങളിലെത്തുന്നത് തടയുകയും ചെയ്തു. 'അവർക്ക് ലോകവിവരം ഇല്ല' എന്ന് പ്രചരിപ്പിച്ചു.

*3. സമൂഹത്തിൽ കാർക്കശ്യം നടപ്പിലാക്കൽ:* ഇസ്‌ലാമിലെ വിശാലതയെ തകർത്ത്, ജനങ്ങളുടെ മേൽ അനാവശ്യമായ കാർക്കശ്യം അടിച്ചേൽപിച്ചു. അനുവദനീയമായ കാര്യങ്ങൾ പോലും ഹറാമാക്കി (നിഷിദ്ധമാക്കി) ജനങ്ങളെ മതത്തിൽനിന്ന് അകറ്റി.



**അധികാരത്തിനായുള്ള ദാഹം**

തന്റെ പഴയകാല തെറ്റുകൾക്ക് സൗദി സമൂഹത്തോട് അയിള് അൽഖർനി മാപ്പ് ചോദിച്ചു. എന്നാൽ, സഫർ അൽഹവാലിയെപ്പോലെയുള്ളവർ തങ്ങളുടെ വിഘടനവാദപരമായ എഴുത്തുകൾ കാരണം ഇന്ന് ജയിലിലാണെങ്കിലും അയാൾ എഴുതിവിട്ട വിഷം പുസ്തകങ്ങളിലൂടെ ഇന്നും പ്രചരിക്കുന്നുണ്ട് എന്നത് ഗൗരവകരമാണ്. ജയിലിലാകുന്നതിന് തൊട്ടുമുമ്പ് പുറത്തിറങ്ങിയ 'മുസ്‌ലിംകളും പാശ്ചാത്യ സംസ്കാരവും' എന്ന തന്റെ പുസ്തകത്തിൽ അയാൾ പറയുന്നത് കാണുക: 'ഒരു തെരുവിൽ തന്നെ പള്ളിയും അതിനടുത്ത് പലിശ ബാങ്കും കാണുന്നത് പുതിയ തരം ശിർക്കാണ്.' പലിശ പാപമാണ്, സംശയമില്ല. എന്നാൽ അതിനെ 'ശിർക്ക്' എന്നു വിളിച്ച് ഭരണകൂടം മുശ്‌രിക്കാണെന്ന് വരുത്തിത്തീർക്കുകയാണ് ഇവരുടെ ലക്ഷ്യം.

അബു മുഹമ്മദ് അൽമഖ്ദിസി (യഥാർഥ പേര്: ഇസാം അൽബർഖാവി) എഴുതിയ 'അൽകവാശിഫുൽ ജലിയ്യ' എന്ന പുസ്തകം സൗദി അറേബ്യ കാഫിർ രാഷ്ട്രമാണെന്ന് സ്ഥാപിക്കാൻ വേണ്ടി എഴുതിയതാണ്. ഈ പുസ്തകം എഡിറ്റ് ചെയ്ത് പുറത്തിറക്കിയത് മുഹമ്മദ് അൽമസ്അരിയാണ്. ഇവർ ഒരേ തൂവൽ പക്ഷികളാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇഖ്‌വാനി നേതാവായ മുഹമ്മദ് അഹ്മദ് അൽറാഷിദ് (യഥാർഥ

പേര്: അബ്ദുൽ മുൻഇം അൽഅസ്സി) എഴുതിയ 'അൽമസാർ' എന്ന പുസ്തകം സൗദിയിലെ സർവകലാശാലകളിൽ രഹസ്യമായി വിതരണം ചെയ്യപ്പെട്ടിരുന്നു. അതിൽ അയാൾ സൗദി അറേബ്യയുൾപ്പെടെയുള്ള ഗൾഫ് ഭരണകൂടങ്ങളെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: 'ഈ ഭരണാധികാരികൾ ശൂറയിലൂടെ വന്നവരല്ല. അവർ അധികാരം അനന്തരാവകാശമായി നേടിയവരോ, അല്ലെങ്കിൽ അധിനിവേശ ശക്തികൾ ഇരുത്തിയവരോ ആണ്. അതിനാൽ അവർക്ക് ബൈഅത്തോ (പ്രതിജ്ഞ) അനുസരണമോ ഇല്ല. അവരോടുള്ള നമ്മുടെ നിലപാട് 'മദ്ഹബുസ്സൈഫ് അസ്സലഫി' (വാളിന്റെ സലഫി മാർഗം) ആയിരിക്കണം.'

ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന സംഘടന സൗദി അറേബ്യയിൽ നടപ്പിലാക്കിയത് കൃത്യമായ അജണ്ടകളായിരുന്നു. ഭരണകൂടത്തെ തക്ഫീർ ചെയ്യുക. പണ്ഡിതന്മാരെ ജനങ്ങളിൽനിന്ന് അകറ്റുക. സലഫി മൻഹജിനെ വികൃതമാക്കുക. വിദേശികളുടെയും (സാദ് അൽഫഖീഹ്, മസ്അരി) സ്വദേശികളുടെയും (സഫർ, സൽമാൻ) കൂട്ടുകെട്ടിലൂടെ അട്ടിമറി നടത്തുക. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, ഈ ഗൂഢനീക്കങ്ങളെല്ലാം പരാജയപ്പെട്ടു.

എന്നാൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് കഴിഞ്ഞുപോയ ഒരു ചരിത്രമല്ല; മറിച്ച് പല രൂപങ്ങളിൽ, പല പേരുകളിൽ ഇന്നും പതിയിരിക്കുന്ന അപകടമാണ്. പണ്ഡിതന്മാരുടെ വേഷമണിഞ്ഞും വിപ്ലവകാരികളുടെ വേഷമണിഞ്ഞും അവർ വന്നേക്കാം. എന്നാൽ അല്ലാഹുവിന്റെ വചനവും പ്രവാചകചര്യയും മുറുകെപ്പിടിക്കുന്ന, സലഫുകളുടെ പാത പിന്തുടരുന്നവർക്ക് മാത്രമെ ഈ ചതിക്കുഴികളെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. സൗദി അറേബ്യ എന്ന തൗഹീദിന്റെ മണ്ണ് ഇന്നും സുരക്ഷിതമായി നിലകൊള്ളുന്നത് ഇത്തരം വിഷവിത്തുകളെ തിരിച്ചറിഞ്ഞ് പിഴുതെറിഞ്ഞതുകൊണ്ടാണ്. വരുംതലമുറയെങ്കിലും ഈ ചരിത്രം പഠിക്കുകയും മതം പറഞ്ഞ് വരുന്ന രാഷ്ട്രീയ കച്ചവടക്കാരെ തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്. ■

ലേഖനം

സാമൂഹ്യജീവി എന്നതാണ് മനുഷ്യന്റെ അഡ്രസ്സ്. സ്വയം പര്യാപ്തനായി ജീവിക്കുക എന്നത് മനുഷ്യനെ സാധ്യമേയല്ല. ദിനേന വീട്ടിലും കുടുംബത്തിലും പരിസരങ്ങളിലും തുടങ്ങി സമൂഹത്തിലെ പലതലങ്ങളിലും ഉള്ളവരുമായി സഹവസിക്കൽ അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഒരു ഉത്തമവിശ്വാസി എന്നാൽ ഇവിടങ്ങളിലൊക്കെ ഉത്തമനായിരിക്കണം. ആരാണ് ഉത്തമ വിശ്വാസി എന്ന, പ്രവാചകന്റെ അധ്യാപനം ശ്രദ്ധേയമാണ്. ധാരാളം ആരാധനകൾ നിർവഹിക്കുന്നവൻ എന്നല്ല അവിടുന്ന് പറഞ്ഞത്, മറിച്ച് 'ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം മനുഷ്യർക്ക് (احب الناس الى الله انفعهم للناس)ഏറ്റവുമധികം ഉപകാരം ചെയ്യുന്നവരാണ്' എന്നാണ്. സമുഹമായി ജീവിക്കുന്ന മനുഷ്യരിൽ സ്രഷ്ടാവിന് ഏറ്റവും ഇഷ്ടമുള്ളവരായി ത്തീരാൻ അവന്റെ സൃഷ്ടികൾക്ക് പ്രയോജനമുള്ളവർ കൂടിയാകേണ്ടതുണ്ട് എന്നർഥം.

തന്റെ വീട്ടിലും കുടുംബത്തിലും പരിസരത്തിലും ഒതുങ്ങി, അവിടെ മാത്രം ഇടപെട്ട് ജീവിക്കേണ്ട ഒരാളല്ല വിശ്വാസി. മറിച്ച്, ഒരു പുഷ്പത്തെ പോലെ വിടർന്നു പരിലസിക്കുകയും ചുറ്റുപാടും സുഗന്ധം പരത്തുകയും ചെയ്യണം. വിശ്വാസികളുടെ വിശ്വാസം പ്രകടമാക്കേണ്ട ഇടങ്ങൾ കൂടിയാണ് ഇവ. നമ്മുടെ പരിസരങ്ങളിൽ ജീവിക്കുന്നവർക്കൊക്കെ നമ്മിൽ നിന്ന് പല നിലക്കുമുള്ള പ്രയോജനങ്ങൾ ലഭിക്കേണ്ടതുണ്ട്. ഉപദ്രവം ആർക്കുമുണ്ടാക്കിക്കൂടാ.

ആളുകൾക്ക് ഉപകാരം ചെയ്യുക എന്നാൽ ആദ്യവും അവസാനവും നമ്മൾ ചിന്തിക്കാറുള്ളത് സാമ്പത്തികമായ പ്രയോജനങ്ങളെക്കുറിച്ചാണ്. എന്നാൽ ഇസ്‌ലാമിക അധ്യാപനം പകർത്തുന്ന വിശ്വാസിക്ക് ആധുനിക ലോകത്ത് ഏതൊക്കെ രീതിയിൽ ചുറ്റിലുമുള്ള മനുഷ്യരെ സഹായിക്കാൻ കഴിയുമെന്ന് മനസ്സിലാക്കണം. സ്രഷ്ടാവിന് ഏറ്റവും ഇഷ്ടമുള്ള കർമത്തെക്കുറിച്ച് ചോദിച്ച അനുചര നോട് പ്രവാചകൻ(സ്വ) മറുപടി നൽകിയത് 'ഒരു മുസ്‌ലിമിന്റെ മനസ്സിൽ സന്തോഷം നിറക്കുന്നതാണ്' എന്നായിരുന്നു.

നമ്മുടെ ചുറ്റിലുമായി പലവിധ സാഹചര്യങ്ങളിൽ കഴിയുന്നവരോട് രമ്യമായി ഇടപെട്ട് അവർക്ക് സന്തോഷം പകരാൻ സാധിക്കണം. ഡിപ്രഷനും വിരസതയും സാധാരണ അനുഭവമായി മാറിയ സഹപ്രവർത്തകരെയും അയൽവാസികളെയും, നിത്യജീവിതത്തിൽ നാം ഇടപഴകുന്ന പലരെയും നമ്മുടെ അനുഭാവപൂർണമായ വാക്കുകൾ കൊണ്ടും അന്വേഷണങ്ങൾകൊണ്ടും പുഞ്ചിരികൊണ്ടും ഒന്ന് ആശ്വസി പ്പിക്കാൻ സാധിക്കുമെങ്കിൽ അതുതന്നെ വലിയ സമ്പാദ്യമല്ലേ? സ്രഷ്ടാവ് ഏറ്റ



# മനുഷ്യൻ എന്ന സാമൂഹ്യജീവി

സ്വഫ്‌വാൻ ബറാമി അൽഹികമി
90617 49161

വുമധികം ഇഷ്ടപ്പെടുന്ന കർമമായി അത് മാറില്ലേ? ഇത്തരത്തിൽ സാമൂഹ്യമനസ്സോടെ ചിന്തിച്ചാൽ ഏതൊക്കെ സഹായങ്ങൾ ആർക്കൊക്കെ ചെയ്തുകൊടുക്കാൻ നിത്യജീവിതത്തിൽ നമുക്ക് സാധിക്കും! അതാണ് ഒരു വിശ്വാസി പുലർത്തേണ്ട സാമൂഹ്യബോധം.

ആളുകൾക്ക് പ്രയോജനം ചെയ്യാതിരിക്കുന്നതിനെക്കാൾ ഗുരുതരമാണ് ഒരാളെ നോവിക്കുക എന്നത്. നബി(സ്വ)യുടെ ഗൗരവമുള്ള അധ്യാപനമാണത്. അവിടുന്ന് പറഞ്ഞു: لا ضرر ولا ضرار (ഉപദ്രവമോ ഉപദ്രവിക്കലോ പാടില്ല) അർഥത്തിൽ ഏകദേശം സാമ്യതയുള്ള ഈ രണ്ട് പദങ്ങൾക്കും സൂക്ഷ്മമായി പറയുന്ന അർഥവ്യത്യാസം, ഒന്ന് മനഃപൂർവം ഉണ്ടാക്കുന്ന ഉപദ്രവവും മറ്റൊന്ന് ഉപദ്രവിക്കണമെന്ന് ലക്ഷ്യമില്ലാതെ യോ ഉപദ്രവമാകുമെന്ന് കരുതാതെയോ നാം ചെയ്യുന്ന ഒരു പ്രവർത്തനത്തിന്റെ അനന്തരഫലമായി മറ്റുള്ളവർക്ക് ഉണ്ടാകുന്ന ഉപദ്രവമാണ്. അങ്ങനെ പോലും ഒരു വിശ്വാസിയിൽ നിന്ന് ഉണ്ടാകാൻ പാടില്ല എന്നർഥം.

ഒരാളെ ഉപദ്രവിക്കൽ ആകാൻ ശാരീരികമായ പീഡനമുണമെന്നില്ല. പൊതുവെ ഭക്ഷിക്കുന്നത് അനുവദനീയമായ ഉള്ളി തിന്ന് ജമാഅത്ത് നമസ്‌കാരത്തിന് പള്ളിയിൽ വരരുതെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചതിന്റെ പൊരുൾ ജമാഅത്തിന് വരുന്ന മറ്റുള്ളവർക്ക് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല എന്നതാണല്ലോ. ആ രീതിയിൽ പോലും ഒരാൾക്ക് പ്രയാസകരമായി ഭവിക്കുന്ന ഒരു പ്രവർത്തനം വിശ്വാസിയുടെ ഭാഗത്തുനിന്നും ഇല്ലാതിരിക്കാൻ നമ്മൾ നല്ല ജാഗ്രത പാലിക്കേണ്ടതുണ്ട്.

എവിടെയും എന്റെ കാര്യം എനിക്ക് സാധിച്ച് കിട്ടിയാൽ മതി എന്ന സമീപനം വിശ്വാസിക്ക് ചേർന്നതല്ല. നമ്മുടെ ചുറ്റിലുമുള്ളവരോട് നമുക്ക് ബാധ്യതയുണ്ട്. അവരെ പ്രയാസപ്പെടുത്താതിരിക്കുക എന്ന ഉത്തരവാദിത്തം വിശ്വാസികൾക്കുണ്ട്.

നിരത്തിൽ വാഹനം ഓടിക്കുമ്പോൾ നമ്മുടെ വാഹനത്തിന്റെ വെളിച്ചവും ശബ്ദവും മറ്റു യാത്രക്കാർക്ക് ഉപദ്രവവും ബുദ്ധിമുട്ടും ഉണ്ടാക്കിക്കൂടാ. നമ്മുടെ ആഘോഷങ്ങളും ആനന്ദവും പ്രകടനങ്ങളും അയൽവാസികൾക്കോ മറ്റുള്ളവർക്കോ പ്രയാസമുണ്ടാക്കുന്നില്ലെന്ന് നാം ഉറപ്പുവരുത്തണം. ഈ നിലയ്ക്ക് സൂക്ഷ്മത പാലിക്കാൻ ബാധ്യതയുള്ള വിശ്വാസികളിൽ പെട്ടവരാണ് പലപ്പോഴും, രോഗികൾ അടക്കമുള്ള പ്രയാസമനുഭവിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കി ഇത്തരം ആഭാസങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് എന്നത് സങ്കടകരമാണ്. ■

# സൂറതുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

طسٓ ۚ تِلْكَ آيَاتُ الْقُرْآنِ وَكِتَابٍ مُّبِينٍ ﴿١﴾

01 ത്വാ-സീൻ. ഖുർആനിലെ, അഥവാ കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ഗ്രന്ഥത്തിലെ വചനങ്ങളത്രെ അവ.

*തുടക്കത്തിൽ കാണുന്ന അക്ഷരക്കൂട്ടം (الحروف المقطعة) ധാരാളം സൂറത്തുകളുടെ തുടക്കത്തിൽ കാണാറുണ്ട്. പല വ്യാഖ്യാനങ്ങളും അതിനു പറയാറുണ്ടെങ്കിലും ഏറ്റവും ശരിയായ പണ്ഡിത വീക്ഷണം അവയുടെ അർഥം ചിന്തിക്കാതെ അവ അതുപോലെ വിശ്വസിക്കണം എന്നാണ്. അത് അല്ലാഹുവിന് വിട്ടുകൊടുക്കേണ്ട അറിവാണ്. നമുക്ക് അറിയാത്ത ജ്ഞാനം അതിനു പിന്നിൽ ഉണ്ടെന്നു നാം വിശ്വസിക്കണം.*

*ഇവിടെ അല്ലാഹു തന്റെ ദാസന്മാരുടെ ശ്രദ്ധ ക്വുർആനിന്റെ മഹത്ത്വത്തിലേക്കാണ് ക്ഷണിക്കുന്നത്. ആ മഹത്ത്വത്തിലേക്ക് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു: (ക്വുർആനിലെ, അഥവാ കാര്യങ്ങൾ സ്പഷ്ടമാവുന്ന ഗ്രന്ഥത്തിലെ വചനങ്ങളത്രെ അത്). വചനങ്ങളിൽ ഉന്നതമായത്, വ്യക്തതയിൽ ഏറ്റവും ശക്തം, തെളിവുകൾ സ്പഷ്ടം, മഹത്തായ ലക്ഷ്യങ്ങൾ, മികച്ച പ്രവർത്തനങ്ങൾ, വിശുദ്ധമായ സ്വഭാവങ്ങൾ, സത്യസന്ധമായ വർത്തമാനങ്ങൾ, നല്ല നിർദേശങ്ങൾ, എല്ലാ ദുഷ്ട പ്രവൃത്തികളെയും ദുസ്സ്വഭാവങ്ങളെയും നിരോധിക്കുന്നു. ഉൾക്കാഴ്ചയുള്ള ആളുകൾക്ക് പകൽവെളിച്ചം പോലെ വ്യക്തമായ വാക്യങ്ങളാണിവ. വിശ്വാസത്തിലേക്കും നിശ്ചയദാർഢ്യത്തിലേക്കും എത്താൻ ആഹ്വാനം ചെയ്യുന്ന വചനങ്ങൾ. ഭൂതകാലത്ത് സംഭവിച്ചതും ഭാവിയിൽ സംഭവിക്കാൻ പോകുന്നതുമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു. വിശിഷ്ടമായ നാമങ്ങളിലൂടെയും ഉന്നത വിശേഷണങ്ങളിലൂടെയും സമ്പൂർണ പ്രവർത്തനങ്ങളിലൂടെയും ഉന്നതനായ രക്ഷിതാവിനെ മനസ്സിലാക്കാനുതകുന്ന വചനങ്ങൾ. അവന്റെ ദൂതന്മാരെയും മിത്രങ്ങളെയും നമുക്ക് പരിചയപ്പെടുത്തുന്ന വാക്യങ്ങൾ. എല്ലാം നമ്മുടെ കണ്ണിൽ കാണുന്നതുപോലെയുള്ള വിശദീകരണങ്ങൾ. എന്നിരുന്നാലും ഇതൊന്നും അധികമാളുകളും പ്രയോജനപ്പെടുത്തുന്നില്ല. ഒരു ധിക്കാരിയും അതുമൂലം മാർഗത്തിലേക്ക് എത്തില്ല. ഹൃദയത്തിൽ വിശുദ്ധി ഇല്ലാത്തവരിൽനിന്നും നന്മയില്ലാത്തവരിൽനിന്നും അതിനെ അവൻ സംരക്ഷിച്ചു. വിശ്വാസം കൊണ്ട് അല്ലാഹു പ്രത്യേകമാക്കിയവരും അതുമൂലം ഹൃദയം പ്രകാശിക്കുന്നവരും രഹസ്യജീവിതം ശുദ്ധീകരിക്കപ്പെട്ടവരും മാത്രമെ അതുമൂലം സന്മാർഗത്തിലാവുകയുള്ളൂ.*

## 02

هُدًى وَبُشْرَىٰ لِلْمُؤْمِنِينَ ۝٢

സത്യവിശ്വാസികൾക്ക് മാർഗദർശനവും സന്തോഷവാർത്തയുമത്രെ അത്.

*2). അല്ലാഹു പറയുന്നു: (വിശ്വാസികൾക്ക് മാർഗദർശനവും സന്തോഷവാർത്തയുമത്രെ അത്) നേരായ പാത പിന്തുടരുന്നതിലേക്ക് അത് അവരെ നയിക്കുന്നു. എന്താണ് പിന്തുടരേണ്ടതെന്നും ഉപേക്ഷിക്കേണ്ടതെന്നും ക്വുർആൻ അവർക്ക് വ്യക്തമാക്കി കൊടുക്കുന്നു; ഈ പാതയിലൂടെ നയിക്കപ്പെടുന്നതിന്റെ ഫലമായി ലഭിക്കുന്ന അല്ലാഹുവിന്റെ പ്രതിഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാനും.*

## 03

الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُم بِالْآخِرَةِ هُمْ يُوقِنُونَ ۝٣

നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർക്ക്.

*3). ഒരുപക്ഷേ, വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവർ ധാരാളം ഉണ്ടായേക്കാം. എന്നാൽ വിശ്വാസിയാണെന്ന് അവകാശപ്പെടുന്ന എല്ലാവരിൽനിന്നും അത് സ്വീകരിക്കപ്പെടുമോ അതോ ആ പറയുന്നത് സത്യമാണെന്നതിന് തെളിവുകൾ വേണ്ടതുണ്ടോ? അതുകൊണ്ടായിരിക്കണം യഥാർഥ വിശ്വാസികളുടെ വിശേഷണങ്ങൾ അല്ലാഹു ഇവിടെ വിശദീകരിച്ചത്. (നമസ്കാരം മുറപോലെ നിർവഹിക്കുകയും) നമസ്കാരത്തിന്റെ ഫർദുകളും സുന്നത്തുകളും; ബാഹ്യകാര്യങ്ങളായ അതിന്റെ അടിസ്ഥാന കാര്യങ്ങൾ, നിബന്ധനകൾ, ഐച്ഛിക കാര്യങ്ങൾ എന്നിവയും ആന്തരിക കാര്യങ്ങളായ-നമസ്കാരത്തിന്റെ ജീവനായ-ഭക്തിയും അവർ നിറവേറ്റുന്നു. അതുകൊണ്ട് ഉദ്ദേശിക്കുന്നത് താഴ്മയോടെ നമസ്കാരം നിർവഹിക്കുക എന്നതാണ്. അല്ലാഹു സമീപസ്ഥനാണെന്ന ബോധത്തോടെയും നമസ്കാരത്തിൽ ചൊല്ലുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടും നിർവഹിക്കുക.*

*(സകാത്ത് നൽകുകയും) നിർബന്ധ ദാനം അതിന്റെ അവകാശികൾക്ക് നൽകുക. (പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർ) അവരുടെ വിശ്വാസം ദൃഢതയുടെ അവസ്ഥയിൽ എത്തിയിരിക്കുന്നു. അത് സമ്പൂർണമായ ഒരു വിജ്ഞാനമായി പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നു. പരലോകത്തെ കുറിച്ചുള്ള ഉറപ്പ് അതിനായി പരിശ്രമിക്കാനും ശിക്ഷക്ക് കാരണമാകുന്ന കാര്യങ്ങളെ ഉപേക്ഷിക്കാനും പ്രേരിപ്പിക്കുന്നു. ഇതാണ് എല്ലാ നന്മകളുടെയും അടിസ്ഥാനം.*

## 04.

إِنَّ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ زَيَّنَّا لَهُمْ أَعْمَالَهُمْ فَهُمْ يَعْمَهُونَ ۝٤

പരലോകത്തിൽ വിശ്വസിക്കാത്തതാരോ അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. അങ്ങനെ അവർ വിഹരിച്ചുകൊണ്ടിരിക്കുന്നു.

*4) (പരലോകത്തിൽ വിശ്വസിക്കാത്തത് ആരോ അവർക്ക്) അതിനെ അവർ കളവാക്കി. അതിനെ സ്ഥാപിക്കാൻ നിയോഗിക്കപ്പെട്ടവനെയും അവർ നിഷേധിച്ചു. (അവർക്ക് നിങ്ങളുടെ പ്രവർത്തനങ്ങൾ നാം ഭംഗിയായി തോന്നിപ്പിച്ചിരിക്കുന്നു. അങ്ങനെ അവർ വിഹരിച്ചുകൊണ്ടിരിക്കുന്നു) അവർ ആശയക്കുഴപ്പത്തിലാവുകയും അവന്റെ പ്രീതി സമ്പാദിക്കുന്നതിനെക്കാൾ അവന്റെ കോപം നേടുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. സത്യം അവർക്ക് തല തിരിഞ്ഞു. അങ്ങനെ സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും കണ്ടു.*




# പ്രവാചകത്വ നിഷേധികളുടെ ‘വസ്‌വാസു’കൾ

ശമീർ മദീനി
: 9048 221 212

നേരിന്റെ വഴിയിൽനിന്ന് മനുഷ്യരെ തടയാൻ സർവവിധേനയും പിശാച് പരിശ്രമിക്കുമെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. അതിനാൽ പ്രവാചകന്മാരുടെ അധ്യാപനങ്ങളിൽനിന്നും  മനുഷ്യരെ വഴിതെറ്റിക്കാനായി പലവിധ വസ്‌വാസുകളുമായി പിശാച് പിന്നാലെ കൂടും. അതിൽപെട്ട ഒന്നാണ് താഴെ കൊടുക്കുന്നത്:

*ചോദ്യം: ‘നബിമാർ പഠിപ്പിച്ച കാര്യങ്ങൾ പലതും ദിവ്യത്വത്തിന്റെ അഥവാ വഹ്‌യിന്റെ ആവശ്യമില്ലാതെ തന്നെ ബുദ്ധിയിലൂടെ നമുക്ക് കണ്ടെത്താൻ കഴിയുന്ന സംഗതികളാണ്; മറ്റുചിലതാകട്ടെ ബുദ്ധിക്ക് അംഗീകരിക്കാൻ പറ്റാത്തതും. ബുദ്ധിക്ക് അനുകൂലമായത് നാം അംഗീകരിക്കും. അതിനു പ്രവാചകന്മാരുടെയോ ദിവ്യന്മാരു*

**നന്മതിന്മകളെ ഏതു ബുദ്ധിവച്ചിട്ടാണ് നമുക്ക് വേർതിരിക്കാൻ കഴിയുക? ഓരോരുത്തരുടെയും ബുദ്ധിയുടെയും ചിന്തയുടെയും ഏറ്റവ്യത്യാസമനുസരിച്ച് അവരവർ നിശ്ചയിക്കുന്ന അതിർവരമ്പുകൾക്ക് ഏറ്റവ്യത്യാസം സ്വാഭാവികമായിരിക്കും. അതിനാൽ എല്ലാവർക്കും അംഗീകരിക്കാൻ പറ്റുന്ന കൃത്യമായ മാനദണ്ഡങ്ങളും നിർദേശങ്ങളും നൽകുവാൻ യോഗ്യനും അർഹനും എല്ലാവരുടെയും സ്രഷ്ടാവും സർവജ്ഞനുമായ അല്ലാഹു മാത്രമാണ്.**

*ടെയോ കയ്യൊപ്പിന്റെ ആവശ്യമില്ല. ബുദ്ധിയോട് എതിരാകുന്നത് നമ്മൾ നിരാകരിക്കുകയും ചെയ്യും. ഇങ്ങനെയാണ് കാര്യങ്ങൾ എന്നിരിക്കെ ബുദ്ധിയും ചിന്തയും യുക്തിയുമൊക്കെ ഉള്ളവർക്ക് എന്തിനാണ് പ്രവാചകന്മാർ? അവരുടെ മാർഗനിർദേശങ്ങളുടെ ആവശ്യമെന്ത്?'*

**മറുപടി:** മതം ബുദ്ധിക്കെതിരാണെന്ന് വരുത്തിത്തീർക്കാൻ ചില കുബുദ്ധികളായ നാസ്തികർ പലപ്പോഴും ശ്രമിക്കാറുണ്ട്. എന്നാൽ ഇസ്‌ലാമിനെ പോലെ ബുദ്ധിയെ അംഗീകരിക്കുകയും ക്രിയാത്മകമായി അത് ഉപയോഗപ്പെടുത്താൻ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്ത ഒരു മതവും പ്രത്യയശാസ്ത്രവും ലോകത്ത് വേറെ ഉണ്ടാവുകയില്ല.

അല്ലാഹു പറയുന്നു: "തീർച്ചയായും ജന്തുക്കളുടെ കൂട്ടത്തിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശമായവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഊമകളും ബധിരൻമാരുമാകുന്നു" (8:22).

"യാതൊരാൾക്കും അല്ലാഹുവിന്റെ അനുമതിപ്രകാരമല്ലാതെ വിശ്വസിക്കാൻ കഴിയുന്നതല്ല. ചിന്തിച്ചു മനസ്സിലാക്കാത്തവർക്ക് അല്ലാഹു നികൃഷ്ടത വരുത്തിവെക്കുന്നതാണ്" (10:100).

ബുദ്ധിയും ചിന്തയും ഉപയോഗപ്പെടുത്താത്തവർ പരലോകത്ത് വിലപിക്കുമെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നു:

"ഞങ്ങൾ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളുടെ കൂട്ടത്തിലാകുമായിരുന്നില്ല എന്നും അവർ പറയും" (67:10).

എന്നാൽ എല്ലാ കാര്യങ്ങളും അറിയാനും കണ്ടെത്താനും ബുദ്ധി പ്രാപ്തമല്ല എന്ന കാര്യം ബുദ്ധിയുള്ളവർക്കൊക്കെ അറിയാവുന്ന സംഗതിയാണ്. നന്മതിന്മകൾ കൃത്യമായി വ്യവച്ഛേദിക്കാനും ആരാധനാകർമങ്ങളുടെ വിശദരൂപങ്ങളും അഭൗതികവും അദൃശ്യവുമായ വിശ്വാസകാര്യങ്ങളും ഒന്നും ബുദ്ധികൊണ്ട് ഊഹിച്ച് കണ്ടെത്താൻ പറ്റുന്നതല്ല.

ബുദ്ധി നിരാകരിക്കുന്ന കാര്യങ്ങൾ മതത്തിൽ ഉണ്ടാവുകയില്ല എന്നത് സത്യമാണ്; എന്നാൽ ബുദ്ധിയെ അമ്പരപ്പിക്കുന്ന പലതും മതത്തിൽ ഉണ്ടാകും. അത് മതത്തിന്റെ കുറവോ ന്യൂനതയോ അല്ല; മറിച്ച് അജയ്യതയാണ്. അല്ലാമ ഇബ്നു അബിൽ ഇസ്സ്(റഹി) പറയുന്നു: "ശരിയായ ബുദ്ധി നിരാകരിക്കുന്ന കാര്യങ്ങൾ മതത്തിൽ ഉണ്ടാവുകയില്ല. എന്നാൽ ബുദ്ധിയെ പരിഭ്രമിപ്പിക്കുന്ന കാര്യങ്ങൾ അതിൽ ഉണ്ടായേക്കും"(ശർഹുത്ത്വഹാവിയ, പേജ് 399).

നന്മതിന്മകളെ ഏതു ബുദ്ധിവച്ചിട്ടാണ് നമുക്ക് വേർതിരിക്കാൻ കഴിയുക? ഓരോരുത്തരുടെയും ബുദ്ധിയുടെയും ചിന്തയുടെയും ഏറ്റവ്യത്യാസമനുസരിച്ച് അവരവർ നിശ്ചയിക്കുന്ന അതിർവരമ്പുകൾക്ക് ഏറ്റവ്യത്യാസം സ്വാഭാവികമായിരിക്കും. അതിനാൽ എല്ലാവർക്കും അംഗീകരിക്കാൻ പറ്റുന്ന കൃത്യമായ മാനദണ്ഡങ്ങളും നിർദേശങ്ങളും നൽകുവാൻ യോഗ്യനും അർഹനും എല്ലാവരുടെയും സ്രഷ്ടാവും സർവജ്ഞനുമായ അല്ലാഹു മാത്രമാണ്. അതിനാൽ ശരിതെറ്റുകൾ തീരുമാനിക്കാനുള്ള മാനദണ്ഡം അവന്റെ മാർഗനിർദേശങ്ങളാണ്.

*ചോദ്യം: 'ഇസ്‌ലാമിലെ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും ബുദ്ധിക്കും മനുഷ്യത്വത്തിനും എതിരാണെന്ന് കാണാം.*

*എന്നിരിക്കെ അവ എങ്ങനെ ശരിയാകും? ഉദാഹരണത്തിന്; മിണ്ടാപ്രാണികളായ മൃഗങ്ങളെ കഴുത്തറുത്ത് വേദനിപ്പിച്ച് കൊല്ലുന്ന രീതി ഇസ്‌ലാം അംഗീകരിക്കുന്നു. ഇത് കരുണയുള്ള ആർക്കാണ് അംഗീകരിക്കാനാവുക?'*

**മറുപടി:** പൊന്നു തൂക്കുന്ന തുലാസ് വിറകു തൂക്കാൻ ആരും ഉപയോഗിക്കാറില്ല. അഥവാ മനുഷ്യന്റെ ബുദ്ധിവച്ച് മതനിയമങ്ങളെ അളക്കുകയും വിധി പറയുകയും ചെയ്യുന്നവരുടെ അവസ്ഥ ഇതുപോലെയാണ്. നമുക്കാർക്കെങ്കിലും മതം പറഞ്ഞുതരുന്ന ഏതെങ്കിലും കാര്യത്തിലെ യുക്തി തിരിഞ്ഞിട്ടില്ലെങ്കിൽ മതത്തിനല്ല തകരാറ്. മറിച്ച് നമുക്കാണ് എന്ന് തിരിച്ചറിയാൻ സാധിക്കുന്നിടത്താണ് നേരായ ബുദ്ധി. കാരണം മതം നമ്മെയും നമ്മുടെ ബുദ്ധിയെയും സൃഷ്ടിച്ച സ്രഷ്ടാവിന്റെ വാക്കുകളും സന്ദേശങ്ങളുമാണ്. അതുകൊണ്ടാണ് വിശ്വാസികൾ പ്രഖ്യാപിക്കുന്ന നിലപാട് ഇത്തരുണത്തിൽ ഏറെ പ്രസക്തമാകുന്നത്. അല്ലാഹു പറയുന്നു:

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ" (24:51).

എന്നാൽ വിമർശകർ ഉന്നയിക്കുന്ന ചോദ്യങ്ങളിൽ പലതിന്റെയും യുക്തിയും ബുദ്ധിയുമൊക്കെ നമുക്ക് ബോധ്യപ്പെടുന്ന സംഗതികൾ തന്നെയാണ് എന്ന

**നമുക്കുചുറ്റും കാണുന്ന സൃഷ്ടിജാലങ്ങളിൽ ചിലതിന് മറ്റു ചിലതിനെക്കാൾ നാം പ്രാധാന്യം കൽപിക്കാറുണ്ട്. ജീവനില്ലാത്തവയെക്കാൾ ജീവനുള്ളവർക്കും ജീവനുള്ളവയുടെ കൂട്ടത്തിൽ തന്നെ മനുഷ്യന് മറ്റു ജീവജാലങ്ങളെക്കാളും വിലകൽപിക്കാറുണ്ട്. അതുകൊണ്ടാണ് പേബാധിച്ച മൃഗങ്ങളെയും മാരകമായ പല രോഗങ്ങളും പടരുന്നത് തടയാനായി പക്ഷികളെയും മൃഗങ്ങളെയും കൂട്ടത്തോടെ കൊന്ന് മനുഷ്യ ജീവന് സംരക്ഷണം ഒരുക്കുന്നത്.**



താണ് വാസ്തവം. മേൽ ഉന്നയിച്ചത് പോലെ മൃഗങ്ങളെ അറുത്ത് ഭക്ഷിക്കുന്നത് ക്രൂരതയാണോ?

ബുദ്ധി മരവിച്ചിട്ടില്ലാത്തവരോടായി ചില കാര്യങ്ങൾ ഉണർത്തട്ടെ; നമുക്കുചുറ്റും കാണുന്ന സൃഷ്ടിജാലങ്ങളിൽ ചിലതിന് മറ്റു ചിലതിനെക്കാൾ നാം പ്രാധാന്യം കൽപിക്കാറുണ്ട്. ജീവനില്ലാത്തവയെക്കാൾ ജീവനുള്ളവർക്കും ജീവനുള്ളവയുടെ കൂട്ടത്തിൽതന്നെ മനുഷ്യന് മറ്റു ജീവജാലങ്ങളെക്കാളും വിലകൽപിക്കാറുണ്ട്. അതുകൊണ്ടാണ് പേബാധിച്ച മൃഗങ്ങളെയും മാരകമായ പല രോഗങ്ങളും പടരുന്നത് തടയാനായി പക്ഷികളെയും മൃഗങ്ങളെയും കൂട്ടത്തോടെ കൊന്ന് മനുഷ്യ ജീവന് സംരക്ഷണം ഒരുക്കുന്നത്. കന്നുകാലികളിലും കോഴി, താറാവ് പോലുള്ള പക്ഷികളിലും ആന്ത്രാക്സ്, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ ആയിരക്കണക്കിന് പക്ഷിമൃഗാദികളെ കൊന്നുകളഞ്ഞതിന്

സമീപകാല ചരിത്രം സാക്ഷിയാണ്. അത്തരം നടപടികൾ ക്രൂരവും കരുണ തീണ്ടാത്തതുമാണ് എന്ന് ആരും പറഞ്ഞു കേട്ടതുമില്ല. അഥവാ ആത്യന്തികമായി മനുഷ്യനന്മക്കായിട്ടാണ് സ്രഷ്ടാവ് ഭൂലോകത്തുള്ള എല്ലാറ്റിനെയും സൃഷ്ടിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: “അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്...”( 2:29).

മനുഷ്യന് ഗുണകരമാണ് മാംസാഹാരം എന്നതിനാൽ സ്രഷ്ടാവ് നമുക്കത് അനുവദിച്ചു തന്നു. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ കരാറുകൾ നിറവേറ്റുക. (പിന്നീട്) നിങ്ങൾക്ക് വിവരിച്ചുതരുന്നതൊഴിച്ചുള്ള ആട്, മാട്, ഒട്ടകം എന്നീ ഇനങ്ങളിൽ പെട്ട മൃഗങ്ങൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ ഇഹ്‌റാമിൽ പ്രവേശിച്ചവരായിരിക്കെ വേട്ടയാടുന്നത് അനുവദനീയമാക്കരുത്. തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നു” (5:1)

“തങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്തൊക്കെയാണെന്ന് അവർ നിന്നോട് ചോദിക്കും. പറയുക: നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നൽകിയ വിദ്യ ഉപയോഗിച്ച് നായാട്ട് പരിശീലിപ്പിക്കാറുള്ള രീതിയിൽ നിങ്ങൾ പഠിപ്പിച്ചെടുത്ത ഏതെങ്കിലും വേട്ടമൃഗം നിങ്ങൾക്ക് വേണ്ടി പിടിച്ച് കൊണ്ടുവന്നതിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുക. ആ ഉരുവിന്റെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു” (5:4).

കാട്ടിലുള്ള മാംസാഹാരികളായ മൃഗങ്ങൾ മറ്റു മൃഗങ്ങളെ തിന്നുന്നു. മനുഷ്യർ വളർത്തുന്ന മൃഗങ്ങളെ മുഴുവൻ അങ്ങനെ വിട്ടേക്കുകയാണെങ്കിൽ സ്വാഭാവികമായും എന്തായിരിക്കും സംഭവിക്കുക? അവ പെരുകുകയും ശല്യമായി മാറുകയും മനുഷ്യനടക്കമുള്ള മറ്റു പല ജീവിവർഗത്തിനും പ്രപഞ്ചത്തിലെ ആവാസ വ്യവസ്ഥകൾക്ക് തന്നെയും പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

അറുക്കുമ്പോൾ മൃഗങ്ങൾക്ക് വേദനിക്കും എന്ന് പറയുന്നതിൽ കാര്യമില്ല. അതൊട്ട് ന്യായവുമല്ല. കാരണം, ആധുനിക ശാസ്ത്ര ഗവേഷണങ്ങൾ പറയുന്നതനുസരിച്ച് മൃഗങ്ങൾക്ക് മാത്രമല്ല ജീവനും വികാരങ്ങളും ഉള്ളത്; മരങ്ങൾക്കും ചെടികൾക്കുമോല്ലാം അതുണ്ട്. അങ്ങനെ വരുമ്പോൾ സസ്യഭുക്ക് ആയതുകൊണ്ട് മാത്രം ഈ പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടുന്നില്ലല്ലോ? അഥവാ ചെടികൾക്കും സസ്യങ്ങൾക്കും പഴങ്ങൾക്കും പച്ചക്കറികൾക്കുമൊക്കെ വേദനിക്കും. അപ്പോൾ മാംസ ഭുക്കുകൾ മാത്രമല്ല മിശ്ര ഭുക്കുകളും സസ്യഭുക്കുകളുമൊക്കെ ഈ ‘അപരാധ’ത്തിൽ തുല്യ പങ്കാളികളാണ് എന്ന് വരും!

സത്യത്തിൽ ഇസ്‌ലാം പഠിപ്പിച്ച രൂപത്തിൽ അറവ് നിർവഹിക്കുകയാണെങ്കിൽ അത് മൃഗങ്ങൾക്ക് ആശ്വാസമാണ്. ആ മാംസം ഏറ്റവും ഗുണകരവുമാണ് എന്നാണ് പഠനങ്ങൾ അറിയിക്കുന്നത്.

**വേദനിക്കുമോ?**

തലച്ചോറിലേക്കുള്ള ഞരമ്പ് മുറിഞ്ഞാൽ പിന്നെ അടിസ്ഥാനപരമായി വേദനയും മറ്റും ആ ജീവി അറിയുകയില്ല. അതുകൊണ്ടാണത്രെ ചില അപകടങ്ങളിൽപ്പെട്ട് തലച്ചോറിന് ആഘാതമേൽക്കുകയോ തലച്ചോറിലേക്കുള്ള ഞരമ്പ് മുറിയുകയോ ചെയ്താൽ മനുഷ്യർ വേദന അറിയാൻ പറ്റാത്ത അവസ്ഥയിലേക്ക് എത്തുന്നത്. മൃഗങ്ങളെ അറുക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കണമെന്നാണ് മതം അനുശാസിച്ചിട്ടുള്ളത്. നബി(സ്വ) പറഞ്ഞു: “നിങ്ങൾ ആരെങ്കിലും മൃഗങ്ങളെ അറുക്കുകയാണെങ്കിൽ അറുക്കാൻ ഉപയോഗിക്കുന്ന ആയുധത്തിന് മൂർച്ച കൂട്ടുക. എന്നിട്ട് തന്റെ മൃഗത്തിന് ആശ്വാസം നൽകുക” (മുസ്‌ലിം, അബൂദാവൂദ്, തിർമുദി).

ഏതാനും സെക്കന്റുകൾ മാത്രമാണ് അറുക്കുമ്പോൾ അവ വേദനയനുഭവിക്കുന്നത്. അറുത്തിട്ട മൃഗങ്ങൾ കൈകാലിട്ടടിക്കുന്നത് വേദനകൊണ്ടാണ് എന്ന തെറ്റിദ്ധാരണ കൊണ്ടാണ് ചിലർ ഇത്തരം സംശയങ്ങൾ പ്രകടിപ്പിക്കുന്നത്. സത്യത്തിൽ വേദനകൊണ്ട് അവ അങ്ങനെ ചെയ്യുന്നതല്ല. രക്തം പൂർണമായി വേഗത്തിൽ വാർന്നു പോകുന്നതിന് വേണ്ടി സ്രഷ്ടാവ് സംവിധാനിച്ച അത്ഭുതകരമായ സംവിധാനമാണത്!



# റോട്ടിൽ പൊലിയുന്ന ജീവനുകൾ

നബീൽ പയ്യോളി

: +966 55 771 0981

ഏതാനും ദിവസങ്ങൾക്കു മുമ്പ് പ്രവാസലോകത്തെ നടുക്കിയ രണ്ട് വാഹപകടങ്ങളിൽ എട്ട് ജീവനുകളാണ് പൊലിഞ്ഞത്. ഒന്ന് സഊദി അറേബ്യായിലെ മദീനക്ക് അടുത്തും മറ്റൊന്ന് യുഎഇയിലെ അബുദാബിയിലും. നാലു പേർ മദീനയിലെ അപകടത്തിൽ മരിച്ചു. അബ്ദുൽ ജലീലും ഉമ്മയും ഭാര്യയും മകനുമാണ് മരിച്ചത്. അബ്ദുൽജലീലിന്റെ മൂന്ന് മക്കൾ പരുക്കേറ്റ് ചികിത്സയിലാണ്. അബുദാബിയിൽ അബ്ദുൽ

ലത്തീഫിന്റെ മൂന്ന് മക്കളും വീട്ടു ജോലിക്കാരിയുമാണ് മരിച്ചത്. അബ്ദുൽ ലത്തീഫും ഭാര്യയും ചികിത്സയിലാണ്.

പ്രതീക്ഷയോടെയാണ് നമ്മുടെ ഓരോ ദിവസവും കടന്നുപോകുന്നത്. പ്രവാസത്തിലെ ജോലിത്തിരക്കിനിടയിൽ അധികപേർക്കും വിശ്രമമില്ലാത്ത ഓട്ടമായിരിക്കും. വാരാന്ത്യ അവധി ദിനങ്ങളിലെ ഓട്ടപ്പാച്ചിലിനിടയിലാണ് പലപ്പോഴും അപകടങ്ങൾ സംഭവിക്കുന്നത്. അവധിയെത്തിയാൽ മരണം വന്നുചേരുക തന്നെ ചെയ്യും, തീർച്ച! പ്രവാസികൾ വീട്ടിൽനിന്നും വിമാനത്താളങ്ങളിലേക്ക് യാത്ര തിരിക്കുമ്പോൾ ഇടിമിന്നൽപോലെ ഹൃദയത്തിൽ ഉണ്ടാകുന്ന ഒരു വികാരം ഇനി നമ്മൾ കാണുമോ എന്നതാണ്. മാതാപിതാക്കളും ഭാര്യയും മക്കളും ബന്ധുമിത്രാദികളും ഒന്നുമില്ലാത്ത ഒരു ലോകത്തേക്കാണ് യാത്ര. ഒരു തരത്തിൽ ഒറ്റപ്പെടൽ. മരണം വരുമ്പോൾ കുടുംബത്തോടൊപ്പം ഉണ്ടാവുക എന്നത് ആഗ്രഹമാണ്. പക്ഷേ, പ്രവാസലോകത്തെ ഒറ്റപ്പെടലിൽ മരണസമയത്തെ ഓർക്കുമ്പോൾ വല്ലാത്ത വിങ്ങലാണ്. അത് പലപ്പോഴും യാത്രപറയുന്നവരുടെ മനസ്സിനെ വല്ലാതെ പിടിച്ചു കുലുക്കും.

യാത്രകളിൽ പലപ്പോഴും പ്രയാസകരമായി ഭവിക്കുന്നത് രാത്രിയാത്രയാണ്. പരമാവധി രാത്രിയാത്ര ഒഴിവാക്കുന്നതാണ് നല്ലത്. മനുഷ്യൻ എന്ന ഉപകരണം അതിന്റെ എല്ലാവിധ പാർട്സുകളും വിശ്രമം കൊതിക്കുന്ന രാത്രിയിൽ ഉറക്കം നമ്മുടെ ശരീരത്തിന്റെ സ്വാഭാവിക പ്രക്രിയയാണ്. രാത്രി ഉറക്കം എന്നത് മാത്രമാണ് ശ്രരീരം ആവശ്യപ്പെടുന്ന അനിവാര്യ വിശ്രമത്തിനും റിഫ്രഷ് ചെയ്യാനും പര്യാപ്തം. മറ്റു സമയങ്ങളിലെ ഉറക്കം രാത്രിയുറക്കത്തിന് പകരമാവില്ലെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാത്രി യാത്ര പുറപ്പെടുന്നത് പോലെ വീട്ടിലെത്താൻ അധികം ദൂരമില്ലെന്ന് കരുതി പാതിയുറക്കത്തിൽ വാഹനം ഓടിക്കുന്നതാണ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാവുന്നത്. ദീർഘദൂര യാത്രകളിൽ രാത്രി വിശ്രമം മുന്നിൽ കണ്ടുകൊണ്ട് മാത്രമേ പ്ലാൻ ചെയ്യാവൂ. പ്രത്യേകിച്ച് പ്രവാസലോകത്ത് നൂറുകണക്കിന് കിലോമീറ്റർ ഒരേ ദിശയിൽ ഓടിക്കേണ്ടിവരും. മണിക്കൂറിൽ നൂറോ അതിലധികമോ കിലോമീറ്റർ സ്പീഡിൽ ഓടുന്ന വാഹനം ഓടിക്കുന്നയാൾ ഒന്ന് കണ്ണടച്ചു പോയാൽ വലിയ അപകടങ്ങൾ സംഭവിക്കും. നമുക്ക് മാത്രമല്ല മുന്നിലും പുറകിലുമായി വരുന്ന ഇതര വാഹനയാത്രക്കാർക്കും ജീവൻ വരെ നഷ്ടമാവുന്ന സാഹചര്യമാണ് ഉണ്ടാവുക.

ദീർഘദൂര യാത്രയിൽ കൃത്യമായ ഇടവേളകളിൽ വിശ്രമിക്കുകയും വാഹനത്തിൽ നിന്നും ഇറങ്ങി കൈകാലുകൾക്ക് റിലാക്സ് നൽകാൻ ശ്രദ്ധിക്കണം. കൂടെയുള്ളവർ ഉറങ്ങാതെയിരിക്കാൻ, ഒരാളെങ്കിലും സംസാരിച്ചും ലഘുഭക്ഷണങ്ങൾ പങ്കുവച്ചും മറ്റും എപ്പോഴും ആക്ടീവായ സാഹചര്യവും ഉണ്ടാവണം. മുൻസീറ്റിൽ ഇരിക്കുന്നവർ ഉറങ്ങിപ്പോകാതിരുന്നാൽ ഡ്രൈവറെ ശ്രദ്ധിക്കാനും റോഡിലെ അപ്രതീക്ഷിത പ്രതിസന്ധികൾ ഒരു പരിധിവരെ മറികടക്കാനും സാധ്യമാവും.

ദീർഘദൂര യാത്രകൾക്ക് ഉപയോഗിക്കുന്ന വാഹനത്തിന്റെ കണ്ടീഷൻ, എഞ്ചിൻ, ടയർ തുടങ്ങിയതെല്ലാം യാത്രക്ക് മുൻപ് പരിചയസമ്പന്നരായ മെക്കാനിക്കിനെ കൊണ്ട് പരിശോധിപ്പിക്കുന്നത് നല്ലതാണ്.

നമ്മൾ ഒരൽപം വിശ്രമിച്ചാൽ, ശ്രദ്ധിച്ചാൽ തൊട്ടടുത്ത ദിവസത്തെ ജോലിയോ മറ്റേതെങ്കിലും കാര്യങ്ങളോ മുടങ്ങി എന്ന് വരാം. അല്ലങ്കിൽ അൽപം വൈകി എത്തിയേക്കാം. അതാണല്ലോ അപകടത്തിൽ പെടുന്നതിനെക്കാൾ നല്ലത്. ജീവനെക്കാൾ വലുതല്ല മറ്റൊന്നും. അതുകൊണ്ട് ജീവഹാനിക്ക് കാരണമാകുന്ന സാഹസികതക്ക് നമ്മൾ ഒരിക്കലും തുനിയരുത്. നമ്മൾ ചെയ്യേണ്ടത് ചെയ്യുക. ശേഷം സ്രഷ്ടാവിൽ ഭരമേൽപിക്കുക. ■

അനുഭവം



# വിധി


## ഹനീഫ് ആറാംമൈൽ

: 9947227520


അതൊരു വെള്ളിയാഴ്ച ദിവസമായിരുന്നു. നല്ലൊരു മഴ പെയ്തു തോർന്നിട്ടേയുള്ളൂ. റോട്ടിലെ കുഴികളിൽ വെള്ളം കെട്ടിനിൽക്കുന്നുണ്ട്. നടത്തത്തിനിടയിൽ അസ്‌ലം ഓർക്കുകയായിരുന്നു; കുമാരേട്ടന്റെ ചായക്കടയിൽ വെച്ചാണ് നാട്ടിലെ മുജാഹിദ് പള്ളിയിൽ അടുത്ത വെള്ളിയാഴ്ച ഖുതുബ പറയുക ഫൈസൽ മൗലവിയാണെന്നറിഞ്ഞത്. അദ്ദേഹത്തെ അറിയാത്തവർ വളരെ ചുരുക്കം. അദ്ദേഹത്തിന്റെ മുഖാമുഖങ്ങളൊക്കെ യൂറ്റൂബിലും മറ്റും കാണാറുണ്ട്. ആ ചെറിയ വലിയ മനുഷ്യന്റെ അറിവ് അപാരം തന്നെ!

മതമെന്തെന്ന് മനസ്സിലാക്കിത്തുടങ്ങിയതു മുതൽ മുജാഹിദാവാനുള്ള ആഗ്രഹം പെരുത്തിരുന്നു. മഹല്ല് പള്ളി സമസ്തയുടെതാണ്. മുജാഹിദുകളുടെ മയ്യിത്ത് പള്ളി വക ഖബ്ർസ്ഥാനിൽ മറവുചെയ്യാൻ അനുവദിക്കില്ലെന്ന അലിഖിത നിയമം പേടിച്ച് മാറിനിൽക്കുകയായിരുന്നു. പിന്നീടാണ് അത് നടപ്പിലാ ക്കാൻ കഴിയാത്ത ഭീഷണിയാണെന്ന് മനസ്സിലാക്കിയത്.

അയാൾ നടത്തം വേഗത്തിലാക്കി. സമയം 12 മണി കഴിഞ്ഞിരിക്കുന്നു. സലഫി പള്ളി എന്ന ബോർഡിനു സമിപമുള്ള ഒതുക്കുകൾ ഇറങ്ങാൻ തുടങ്ങുമ്പോഴാണ് പിന്നിൽ നിന്ന് 'അസ്‌ലംക്കാ' എന്ന വിളി കേട്ടത്. തിരിഞ്ഞ് നോക്കുമ്പോൾ അത് ഉമ്പായി ആയിരുന്നു. നരച്ച നീണ്ട താടിയുള്ള, മുഖത്ത് എപ്പോഴും പുഞ്ചിരിയുള്ള ഉമ്പായി. കുറച്ചുകാലമെ ആയിട്ടുള്ളൂ ഉമ്പായി മുജാഹിദായിട്ട്.

മരക്കച്ചവടം ചെയ്യുന്ന ഒ.വി, ഏച്ചി പൊയിൽ നൗഫൽ, പുളി നാസർ, മുസ്‌ലിയാരെ പോലെ നടക്കുന്ന അബ്ദുസ്സമദ്ക്ക, പുതിയാപ്ല നൂറു, വമ്പൻ ഹനീഫ... ഇവരൊക്കെയാണ് നാട്ടിലെ മുജാഹിദ് പ്രവർത്തകർ. തട്ടാൻ റസാക്ക് പറയാറുള്ളത് ഇവരൊക്കെയാണ് 'വഹാബികൾ' എന്നാ

ണ്. എന്താണ് 'വഹാബി' എന്നൊക്കെ ഈയിടെയാണ് മനസ്സിലായത്. പീസ് റേഡിയോയിൽ ജബ്ബാർ മദീനിയുടെ ക്ലാസ്സുകളിലൂടെ കാര്യങ്ങൾ എളുപ്പം മനസ്സിലാക്കാൻ സാധിച്ചു. ആ അറിവുകൾ മുജാഹിദ് പള്ളിലേക്ക് പോകാനുള്ള മാനസിക പക്വത സമ്മാനിച്ചു.

സലാം പറഞ്ഞ ഉമ്പായിക്ക് സലാം മടക്കി ഒന്നിച്ച് പള്ളിയിലേക്ക് നടന്നു. ഉമ്പായി പറഞ്ഞു: "ഫൈസൽ മൗലവിയുടെ ഖുതുബയായത് കാരണം ഇന്ന് പള്ളിയിൽ നല്ല തിരക്കായിരിക്കും."

പള്ളിയുടെ പുറത്തെ ചുമരിലെ ബോർഡിൽ മനോഹരമായ കൈയക്ഷരത്താൽ ഒരു ഖുർആൻ സൂക്തവും അതിന്റെ അർഥവും എഴുതിവച്ചിരിക്കുന്നു. 'നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചാൽ അവൻ നിങ്ങൾക്ക് ഒരു വഴി തുറന്നുതരിക തന്നെ ചെയ്യും' എന്നാണ് അർഥം.

അംഗശുദ്ധിവരുത്തി പള്ളിലേക്ക് കയറി. മുൻനിരയിൽ തന്നെയുണ്ട് ഒ.വിയും അബ്ദുസ്സമദ്ക്കയും. സലാം പറഞ്ഞു കയറിയപ്പോൾ പുഞ്ചിരിക്കുന്ന മുഖങ്ങളായിരുന്നു ചുറ്റും. സന്തോഷം തോന്നി; ഒറ്റക്കല്ലല്ലോ എന്നൊരു തോന്നൽ. തഹിയ്യത്ത് നമസ്കാരത്തിന് ശേഷം ഒന്നാമത്തെ സ്വഫ്ഫിൽ തന്നെ ഇരിപ്പുറപ്പിച്ചു. സമാധാനത്തിന്റെ ഗേഹമായ, തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന അല്ലാഹുവിന്റെ ഭവനത്തിൽ മനസ്സ് ആനന്ദത്തിലായിരുന്നു.

സമയമായപ്പോൾ മൗലവി മിമ്പറിൽ കയറി സലാം പറഞ്ഞു. പള്ളി ഇമാമായ ബംഗാളി ബാങ്ക് വിളിച്ചു. ബാങ്കിനു ശേഷമുള്ള നിശ്ശബ്ദതയിൽ മൗലവിയുടെ ഹൃദ്യമായ സംസാരം ആരംഭിച്ചു. ഖുർആൻ വചനങ്ങളിലൂടെ, പ്രവാചക വചനങ്ങളിലൂടെയുള്ള യാത്ര. ഒടുവിൽ അലി(റ)യുടെ ചരിത്രത്തിൽനിന്നും ഒരു ചിന്ത്: അലി(റ) ഒരുദിവസം കുതിരസവാരിക്കിടെ നമസ്കാര സമയമായപ്പോൾ കുതിരയെ പള്ളിയുടെ അടുത്ത് കെട്ടിയിട്ട് പള്ളിലേക്ക് നടന്നു. അതിനിടയിൽ കൈയിലുണ്ടായിരുന്ന ചാട്ട എവിടെ വെക്കുമെന്ന് ആലോചിക്കുമ്പോഴാണ് കുറച്ചു മാറിനിൽക്കുന്ന ഒരു ചെറിയ കുട്ടിയെ കണ്ടത്. സങ്കടത്തോടെ ഇരിക്കുന്നത് കണ്ടപ്പോൾ തന്നെ അലി(റ) തീരുമാനിച്ചു; ചാട്ടവാർ അവനിൽനിന്ന് തിരികെ വാങ്ങുമ്പോൾ അവന് രണ്ടു ദിർഹം കൊടുക്കണം. അങ്ങനെ ചാട്ടവാർ അവനെ ഏൽപിച്ച് പള്ളിലേക്ക് കയറി. കുറച്ചു സമയത്തിനു ശേഷം പള്ളിയിൽനിന്ന് ഇറങ്ങി വന്നപ്പോൾ ചാട്ട ഏൽപിച്ച ആ കുട്ടിയെ കാണാനില്ല. അവനെവിടെയാണ് പോയത്?

ലേശം വികൃതിയുള്ള ഈ കുതിരയെ തനിക്ക് ചാട്ടയില്ലാതെ കൊണ്ടുപോകാൻ കഴിയില്ല. ഒടുവിൽ അലി(റ) ചാട്ട വാങ്ങാനായി ചന്തയന്വേഷിച്ചു നടന്നു. കുറച്ചു നടന്നപ്പോഴുണ്ട് 'ചാട്ട വേണോ, ചാട്ട വേണോ' എന്ന് വിളിച്ചുപറഞ്ഞ് ഒരാൾ നടന്നുവരുന്നു. അപ്പോൾ അലി(റ) അല്ലാഹുവിനെ സ്തുതിച്ചു. അലി(റ) തനിക്ക് ചാട്ട ആവശ്യമുണ്ടെന്ന് പറഞ്ഞു. വിൽപനക്കാരന്റെ കൈയിലുള്ള ചാട്ട പരിശോധിച്ചപ്പോൾ അത് തന്റെ നഷ്ടപ്പെട്ട ചാട്ടയാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അലി(റ) അയാളോട് വില ചോദിച്ചു. വിൽപനക്കാരൻ രണ്ടു ദിർഹം പറഞ്ഞു. അലി(റ) രണ്ട് ദിർഹം കൊടുത്ത് ചാട്ടവാങ്ങി. മറ്റു കഥകളൊന്നും വിൽപനക്കാരനോട് പറഞ്ഞില്ല. ഒരു കൗതുകം എന്നപോലെ ചോദിച്ചു: 'താങ്കൾക്ക് ആരാണ് ഈ ചാട്ട തന്നത്?' വിൽപനക്കാരൻ കൃതമായ മറുപടി പറഞ്ഞു: 'ഒരു ചെറിയ കുട്ടിയാണ് എനിക്കിത് ഒരു ദിർഹമിന് നൽകിയത്.' അപ്പോൾ അലി(റ)വിന് കാര്യങ്ങൾ മനസ്സിലായി. അല്ലാഹുവിന്റെ വിധിയും തീരുമാനവും എത്ര വിശാലമാണ്! ആ കുട്ടിയെ കുറിച്ച് ഓർത്ത് അലി(റ) സങ്കടപ്പെട്ടു. കൈ മുകളിലേക്ക് ഉയർത്തി ആ കുട്ടിക്കു വേണ്ടി പ്രാർഥിച്ചു: 'നീ അവന് പൊറുത്തുകൊടുക്കേണമേ.'

ഈ കഥ കേട്ടപ്പോൾ അസ്‌ലമിന്റെ മനസ്സൊന്ന് നടുങ്ങി. തനിക്ക് ഏതാനും ദിവസങ്ങൾക്കു മുമ്പ് പറ്റിയ ഒരു തെറ്റിനെ കുറിച്ചാണ് അന്നേരം ഓർത്തത്. അങ്ങാടിയിലൂടെ നടന്നുനീങ്ങുന്ന നേരത്ത് തിരക്കൊഴിഞ്ഞ ഒരിടത്ത് വെച്ച് അഞ്ഞൂറു രൂപ കളഞ്ഞുകിട്ടി. താനത് പോക്കറ്റിലിട്ട് സ്വന്തമാക്കി. തനിക്ക് അത് എടുക്കാതിരിക്കാമായിരുന്നു. അല്ലെങ്കിൽ അതിന്റെ അവകാശിയെ അന്വേഷിക്കാമായിരുന്നു. ഒരു നിമിഷം തന്റെ മനസ്സൊന്ന് ഇടുങ്ങിപ്പോയി. എന്നാൽ അത് ചെലവഴിച്ചിട്ടില്ല. പോക്കറ്റിൽ തന്നെയുണ്ട്. അസ്‌ലം അപ്പോൾ തന്നെ ഒരു തീരുമാനമെടുത്തു. പോക്കറ്റിലുള്ള ആ അഞ്ഞൂറ് രൂപ പള്ളിയിൽ ഏൽപിക്കണം. ഒരു പക്ഷേ, കമ്മിറ്റിക്കാർ ശ്രമിച്ചാൽ അവകാശിയെ കണ്ടെത്താനാവുമായിരിക്കും. അല്ലെങ്കിൽ കിട്ടിയ സ്ഥലത്തിനു സമീപമുള്ള കടയിൽ ഏൽപിക്കണം. അസ്‌ലമിന്റെ മനസ്സ് കുറ്റബോധത്താൽ വേദനിച്ചു. പൊറുക്കണേ എന്ന് റബ്ബിനോട് തേടി.

മൗലവി ഖുതുബ അവസാനിപ്പിച്ച് മിമ്പറിൽനിന്ന് ഇറങ്ങി നമസ്കരിക്കാൻ നിന്നു. ■



# പന്നിയിറച്ചി അശുദ്ധമോ?

ഇസ്‌ലാം പന്നിയിറച്ചി നിഷിദ്ധം (ഹറാം) ആക്കിയതിന് പിന്നിൽ പ്രധാനമായും രണ്ട് തരത്തിലുള്ള കാരണങ്ങളാണ് പണ്ഡിതന്മാരും ഗവേഷകരും ചൂണ്ടിക്കാണിക്കുന്നത്. ഒന്ന്, മതപരമായ കൽപന (Religious/Divine Command). രണ്ട്, ആരോഗ്യപരമായ നിരീക്ഷണങ്ങൾ (Scientific/Health Observations).

ഇതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ താഴെ നൽകുന്നു:

**1. മതപരമായ അടിസ്ഥാനം (പ്രധാന കാരണം).**

ഇസ്‌ലാമിക വിശ്വാസപ്രകാരം, ഒരു കാര്യം ഹറാം (നിഷിദ്ധം) ആക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അത് അല്ലാഹുവിന്റെ കൽപനയാണ് എന്നതാണ്. ശാസ്ത്രീയമായ കാരണങ്ങൾ നമ്മൾ കണ്ടെത്തിയാലും ഇല്ലെങ്കിലും, സ്രഷ്ടാവിന്റെ നിർദേശം അനുസരിക്കുക എന്നതാണ് ഒരു വിശ്വാസിയുടെ ബാധ്യത.

വിശുദ്ധ ഖുർആനിൽ (6:145) പന്നിയിറച്ചിയെ 'രിജ്സ്' അഥവാ അശുദ്ധം എന്നാണ് വിശേഷിപ്പിച്ചത്. മനുഷ്യശരീരത്തിനും ആത്മാവിനും ദോഷകരമായതുകൊണ്ടാണ് അല്ലാഹു ഇത് നിഷിദ്ധമാക്കിയതെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു.

**2. ശാസ്ത്രീയവും ആരോഗ്യപരവുമായ നിരീക്ഷണങ്ങൾ.**

പന്നിയിറച്ചി ഒഴിവാക്കുന്നതിലൂടെയുള്ള ആരോഗ്യപരമായ ഗുണങ്ങൾ ആധുനിക ശാസ്ത്രം പലപ്പോഴായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവയിൽ ചിലത് താഴെ പറയുന്നവയാണ്:

പാരസൈറ്റുകളും വിരകളും (Parasitic Infestations): പന്നിയിറച്ചിയിൽ മനുഷ്യന് അപകടകരമായേക്കാവുന്ന പലതരം വിരകൾ അടങ്ങിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ട്രിക്കിനെല്ല സ്പൈറാലിസ് (Trichinella spiralis) എന്ന വിരയാണ്. ഇത് 'ട്രിക്കിനോസിസ്' എന്ന രോഗത്തിന് കാരണമാകുന്നു.

നാടവിര (Tapeworm - Taenia Solium): പന്നിയിറച്ചിയിലൂടെ പകരുന്ന നാടവിരകൾ മനുഷ്യന്റെ കുടലിൽ വളരുകയും, രക്തത്തിലൂടെ തലച്ചോറിലെത്തി ന്യൂറോസിസ്റ്റിസെർക്കോസിസ് (Neurocysticercosis)എന്ന ഗുരുതരമായ അവസ്ഥയ്ക്കും കാരണമാവുകയും ചെയ്തേക്കാം.

ഉയർന്ന കൊഴുപ്പ് (High Fat Content): മറ്റു മാംസാഹാരങ്ങളെ അപേക്ഷിച്ച് പന്നിയിറച്ചിയിൽ കൊഴുപ്പ് കൂടുതലാണ്. ഇത് രക്തധമനികളിൽ തടസ്സമുണ്ടാക്കാനും ഹൃദ്രോഗങ്ങൾക്കും കാരണമായേക്കാം.

അശുദ്ധമായ ഭക്ഷണരീതി (Scavenger Nature): പന്നി പ്രകൃത്യാ തന്നെ അഴുക്കുകൾ ഭക്ഷിക്കുന്ന ഒരു ജീവിയാണ് (Scavenger). ചത്ത ജീവികളെയും വിസർജ്യവുമെല്ലാം ഇവ ഭക്ഷിക്കാറുണ്ട്. ഇത് ഇവയുടെ ശരീരത്തിൽ ടോക്സിനുകൾ (വിഷാംശം) അടിഞ്ഞുകൂടാൻ കാരണമാകുമെന്ന് ചില പഠനങ്ങൾ പറയുന്നു.

ശാസ്ത്രം പന്നിയിറച്ചിയിലുള്ള ഇത്തരം ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ടെങ്കിലും, മുസ്‌ലിംകൾ ഇത് വർജിക്കുന്നതിന്റെ അടിസ്ഥാനം വിശ്വാസപരമായ അനുസരണമാണ്. അതായത്, ഭാവിയിൽ ശാസ്ത്രം പന്നിയെ പൂർണമായും ശുദ്ധീകരിച്ച് വളർത്തുന്ന സാങ്കേതികവിദ്യ കണ്ടെത്തിയാൽ പോലും, ഇസ്‌ലാമിൽ അത് നിഷിദ്ധമായിത്തന്നെ തുടരും. കാരണം, അത് അല്ലാഹു അശുദ്ധമെന്ന് പ്രഖ്യാപിച്ചതാണ്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം..

WISDOM students

# 30-ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

## മാർച്ച് 8 2026 ഞായർ

**3 ലക്ഷം രൂപയുടെ സമ്മാനങ്ങൾ**

### 5 കാറ്റഗറികൾ

**ജനറൽ :** പ്രായ ഭേദമന്യേ
**അൽ ബയാൻ :** ക്യാമ്പസ് വിദ്യാർത്ഥികൾക്ക്
**ടീൻസ് :** 12 മുതൽ 18 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**കിഡ്സ് :** 12 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**ഗ്ലോബൽ :** ഔട്ട് ഓഫ് കേരള പരീക്ഷാർത്ഥികൾക്ക്



For Registration and more details

guide.wisdomislam.org/qvp

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
17 January 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

VISION 2030

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

# CONVOCATION 3.0

2026 ഫെബ്രുവരി 6 7 8

വാദീ അൽ ഹിക്മ
മിനിഊട്ടി, മലപ്പുറം



www.jamiaalhind.com | +91 9961 725 725 | info@jamiaalhind.com